മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 06 No. 26 THE ONLINE OFFICIAL NEWS BULLETIN 2023 July 01

SEASON OF PENTECOST പെന്തിക്കോസ്തികാലം ܥܕܢܐ ܕܦܢܛܩܘܣܛܝ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY

2023 ജൂലൈ തോമൂസ്

2 5th Sunday after Pentecost ♪4	**3** ✠ Dukrono d-Thomo Comme. of St. Thomas the Apostle ♪8 	**4** ♪4	**5** 72 Evangelists 214th Memorial of Marthoma VII ✠ (Kolenchery Palli) ♪8 	**6** ♪4	**7** 26th Memorial of Zachariah Mor Dionysius Metropolitan ✠ (Pathanapuram Tabor Dayara) ♪8 



അൽവാരീസ് മാർ യൂലിയോസിന്റെ നൂറാം ചരമ വാർഷികവും ഡോ. ഫിലിപ്പോസ് മാർ തിയോഫിലോസിന്റെ ഇരുപത്തഞ്ചാം ചരമ വാർഷികവും സംയുക്തമായി ജൂലൈ 29–നു പരുമലയിൽ ആഘോഷിക്കും. പിതൃസ്മൃതി ഓഫിസ് പരുമല സെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, സെമിനാരി മാനേജർ ഫാ. കെ. വി. പോൾ റമ്പാൻ, ജനറൽ കൺവീനർ ഡോ. പോൾ മണലിൽ, ഫാ. ബിജു പി. തോമസ്, വർക്കിങ് കമ്മിറ്റി അംഗം ജേക്കബ് മാത്യു, മോനി കല്ലംപറമ്പിൽ, തുടങ്ങിയവർ സന്നിഹിതരായിരുന്നു.



പരുമല ആശുപത്രിയിൽ പുതിയതായി പണികഴിപ്പിച്ച 53 റൂമുകളോട് കൂടിയ ലെവൽ 6 ബ്ലോക്കിന്റെ കൂദാശ പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ ബാവ നിർവഹിച്ചു. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ ദിയാസ്കോറോസ് എന്നിവർ സഹകാർമികരായിരുന്നു.



മാർത്തോമ്മാ സ്മൃതി സംഗമത്തിന് നാളെ ചെന്നൈയിൽ തുടക്കം

കോട്ടയം: മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികാഘോഷത്തിന്റെ ഭാഗമായി ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ മാർത്തോമ്മൻ സ്മൃതിസംഗമം നാളെയും മറ്റന്നാളുമായി ചെന്നൈയിൽ നടക്കുമെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പറഞ്ഞു.

നാളെ വൈകിട്ട് 6–നു കോയമ്പേട് സെന്റ് തോമസ് കോളജ് ഓഡിറ്റോറിയത്തിൽ തമിഴ്നാട് നിയമസഭാ സ്പീക്കർ എം. അപ്പാവു സംഗമം ഉദ്ഘാടനം ചെയ്യും. പ. കാതോലിക്കാ ബാവാ അധ്യക്ഷത വഹിക്കും.

3–നു രാവിലെ 7–നു തോമാ ശ്ലീഹായുടെ കബറിട ദേവാലയമായ ചെന്നൈ സാന്തോം സെന്റ് തോമസ് ബസിലിക്കയിൽ പ. കാതോലിക്കാ ബാവാ കുർബാന അർപ്പിക്കും. സഭയിലെ എല്ലാ മെത്രാപ്പൊലീത്താമാരും സഹകാർമികരാകും.

തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വദിനം പൊതു അവധിയാക്കണമെന്ന ഇതര ക്രൈസ്തവ വിഭാഗങ്ങളുടെ ആവശ്യത്തെ ഓർത്തഡോക്സ് സഭ പിന്തുണയ്ക്കുമെന്നു ബാവാ പറഞ്ഞു.

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച നിരണം പള്ളിയിൽ കഴിഞ്ഞ വർഷം ഡിസംബറിൽ ഉദ്ഘാടനം ചെയ്ത ആഘോഷങ്ങളുടെ ഭാഗമായാണ് മാർത്തോമ്മൻ സ്മൃതി സംഗമം സംഘടിപ്പിക്കുന്നത്.

മദ്രാസ് ഭദ്രാസനത്തിന്റെ നേതൃത്വത്തിലാണു ചെന്നൈയിലെ പരിപാടികളെന്നു ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ, സഭാ വക്താവ് ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട് എന്നിവർ പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ്രഭാഷണം


സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്ന മാർത്തോമ്മാ മക്കൾ

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ

പരിശുദ്ധനായ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തിലേക്ക് പരിശുദ്ധാത്മശക്തിയാൽ ഉയർത്തപ്പെട്ടിരിക്കുന്ന ബലഹീനനായ നമുക്കും നമ്മുടെ പ്രഗല്ഭരായ സഹോദര മെത്രാപ്പോലീത്തന്മാർക്കും പ്രബുദ്ധരായ മലങ്കരസഭ നൽകിയ അത്യുജ്ജ്വലവും ആവേശകരവും അതുല്യവുമായ ഈ സ്വീകരണത്തിൽ പങ്കെടുക്കുന്ന നമ്മുടെ ഹൃദയം ദൈവംതമ്പുരാനോടുള്ള കൃതജ്ഞതകൊണ്ട് നിറഞ്ഞു കവിഞ്ഞിരിക്കുകയാണ്. ഹൃദയം തിങ്ങിനിറയുമ്പോൾ വാക്കുകൾ വിരളമായിത്തീരുന്നുവെന്നുള്ള കവി വാക്യം ഇന്നു നമുക്കു പൂർണ്ണമായും യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. എറണാകുളം നഗരം മനുഷ്യമഹാസമുദ്രമമായിത്തീരത്തക്കവണ്ണമുള്ള ഒരു മഹത്തായ സ്വീകരണമാണ് ഇന്നു ഞങ്ങൾക്ക് ലഭിച്ചത്! മലങ്കരസഭാമക്കളുടെ അലതല്ലുന്ന ആവേശവും അതിരറ്റ സഭാസ്നേഹവും ഒരിക്കൽക്കൂടി അനുപമമായ രീതിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. ഇതു കേവലം ബലഹീനനായ നമുക്കോ സഹോദര മെത്രാപ്പോലീത്തന്മാർക്കോ ഉള്ള ഒരു സ്വീകരണം മാത്രമല്ല, മറിച്ച് അഭിമാനധന്യരായ, സ്വാതന്ത്ര്യത്തിന്റെ പ്രാണവായു ശ്വസിക്കുന്ന മാർത്തോമ്മാ മക്കളായ മലങ്കര നസ്രാണികൾ നൂറ്റാണ്ടുകളായി ഏതൊരു സിംഹാസനത്തെ ബഹുമാനിച്ചാദരിച്ചുവോ, ഏതൊരു സിംഹാസനത്തിന്റെ നിലനിൽപിനുവേണ്ടി പോരാടിയോ, ഏതൊരു സിംഹാസനത്തെ ജീവനു തുല്യം സ്നേഹിക്കുന്നുവോ ആ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തോടും വാണരുളിയിട്ടുള്ള പിതാക്കന്മാരോടുമുള്ള തങ്ങളുടെ വിധേയത്വവും, വിശ്വാസവും ഇന്ന് ഒരിക്കൽ കൂടി ഉറക്കെ പ്രഖ്യാപിച്ചിരിക്കയാണ്. ഇതു കണ്ട് സ്വർഗ്ഗം സന്തോഷിക്കുന്നു. ശ്ലീഹന്മാർ ആനന്ദിക്കുന്നു. തോമ്മാശ്ലീഹാ തന്റെ അനുഗ്രഹങ്ങളുടെ കരം ഇവിടേക്ക് നീട്ടിയിരിക്കുന്നു.

കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സിലെ നാമത്തിലാണല്ലോ ഈ നഗർ അറിയപ്പെടുന്നതും. അദ്ദേഹത്തിന്റെ സ്മരണ ഈ സഭാമക്കളുടെ മനസ്സിൽ മായാതെ, മറയാതെ, മങ്ങാതെ നിലനിൽക്കുമെന്നുള്ളതിന് സംശയമില്ല. അദ്ദേഹം ഈ സഭയ്ക്കു നൽകിയ സുധീരമായ നേതൃത്വവും ദൈവാശ്രയത്തോടുകൂടിയ നടത്തിപ്പും നമുക്ക് എന്നും അഭിമാനിക്കാവുന്നതാണ്. മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യത്തേയും സിംഹാസനത്തേയും ചോദ്യം ചെയ്തുകൊണ്ട് തന്നെ പാട്ടിലാക്കുവാൻ ശ്രമിച്ച യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന് വേദശാസ്ത്രത്തിൽ അധിഷ്ഠിതമായി ചുട്ട മറുപടി കൊടുത്തുകൊണ്ട് വിരുദ്ധോപദേശം നിറഞ്ഞ പടിഞ്ഞാറൻ വിഷക്കാറ്റിനെ ചക്രവാളത്തിനപ്പുറത്തു നിറുത്തിയ മഹാമേരുവാണ് ഔഗേൻ തിരുമേനി. മലങ്കര നസ്രാണികളുടെ തലമുറതലമുറയായുള്ള സനാതന വിശ്വാസം ചോദ്യം ചെയ്തപ്പോഴാണ് അദ്ദേഹത്തിന്റെ സഭാസ്നേഹവും നിശ്ചയദാർഢ്യവും അന്ത്യോഖ്യാ പാത്രിയർക്കീസ് അറിഞ്ഞത്. ഈ വിരുദ്ധോപദേശത്തെ അനുകൂലിച്ച ചിലരോട് പൂർവ്വികമായ നമ്മുടെ വിശ്വാസത്തിന് കോട്ടമോ വാട്ടമോ വരുത്തുന്ന യാതൊന്നും താൻ പ്രവർത്തിക്കയില്ലെന്നും തന്റെ പൂർവ്വികന്മാർ ഏതൊരു സിംഹാസനത്തിൽ ആരൂഢനായി മലങ്കരസഭയെ നയിച്ചുവോ, ഏതൊരു സിംഹാസനത്തിന്റെ അധിപനായി തന്നെ ഭരമേൽപിച്ചുവോ, ആ സിംഹാസനത്തെ ഉപേക്ഷിച്ചുകൊണ്ട് മലങ്കരസഭയുടെ പ്രധാന മേലദ്ധ്യക്ഷനായിരിക്കുവാൻ താൻ ആഗ്രഹിക്കുന്നില്ലെന്നും ഉജ്ജ്വലമായ ഭാഷയിൽ, നിവർന്നു നിന്നു മറുപടി കൊടുത്ത പ. ഔഗേൻ ബാവായുടെ പാവനസ്മരണയ്ക്കു മുമ്പിൽ നമ്രശിരസ്കനായി നിന്നു പോകുന്നു.





മലങ്കരസഭയെ തന്റെ കാൽക്കീഴിലാക്കുവാൻ അന്ത്യോഖ്യാ പാത്രിയർക്കീസ് ചെയ്ത ഒരു കടുംകൈയത്രേ ഈ സഭയിൽ ന്യൂനപക്ഷമായ ഒരു വിഘടിതഗ്രൂപ്പിനെ സൃഷ്ടിക്കുവാൻ കാരണമായത്. കർത്താവിന്റെ അപ്പോസ്തോലനും മലങ്കരസഭയുടെ സ്ഥാപകനുമായ മാർത്തോമ്മാശ്ലീഹായ്ക്കു പൗരോഹിത്യമില്ലെന്നും പൗരോഹിത്യമില്ലാത്തതുകൊണ്ട് അദ്ദേഹത്തിന് സിംഹാസനമില്ലെന്നും സിംഹാസനമില്ലാത്തതുകൊണ്ട് അധികാരമില്ലെന്നും തന്മൂലം ഈ സഭ അന്ത്യോഖ്യൻ സിംഹാസനത്തിന്റെ കീഴിലായിരിക്കണമെന്നും വരുത്തിവയ്ക്കുകയെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. മാർത്തോമ്മായ്ക്ക് പട്ടമില്ലെന്നും സിംഹാസനമില്ലെന്നും ക്രൈസ്തവസഭയിൽപെട്ട ആരെങ്കിലും പറയുവാൻ തുനിയുമോ എന്നു ചിന്തിച്ചുപോകുന്നു. പൗരാണിക സഭകൾ ഈ വേദവിപരീതത്തെ പുച്ഛിച്ചു തള്ളിയിരിക്കയാണ്. റൂമേനിയൻ സഭാ പ്രതിനിധിസംഘത്തിന്റെ തലവനും പണ്ഡിതനുമായ തിയോക്ടിസ്റ്റോസ് മെത്രാപ്പോലീത്താ ഇതെക്കുറിച്ച് പറഞ്ഞതായി പത്രത്തിൽ വായിച്ചത് ഇത്തരുണത്തിൽ സ്മരിക്കുന്നു. അദ്ദേഹം പറഞ്ഞത് മാർത്തോമ്മായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്നത് ഒന്നുകിൽ വഞ്ചന കൊണ്ടോ അല്ലെങ്കിൽ അജ്ഞത കൊണ്ടോ ആണ് എന്നാണ്. ഇതു തന്നെയാണ് എല്ലാ സഭകളുടെയും അഭിപ്രായം. വേദവിപരീതമാകുന്ന ഈ കടുംകൈ സ്വാർത്ഥലാഭത്തിനുവേണ്ടി തന്ത്രപൂർവ്വം എഴുതിവിടുവാൻ സിറിയൻ സഭാദ്ധ്യക്ഷന്റെ

കൈകൾ ഉയർന്നല്ലോ എന്ന് ഓർക്കുമ്പോൾ ദുഃഖം തോന്നുന്നു.

മാർത്തോമ്മായുടെ പൗരോഹിത്യത്തെ ചോദ്യം ചെയ്യുന്നത് മാർത്തോമ്മാശ്ലീഹായ്ക്കു പൗരോഹിത്യ നൽവരം നൽകിയ കർത്താവിന്റെ അധികാരത്തെയാണ് എന്നും മനസ്സിലാക്കണം. ഈ കടുത്ത വേദവിപരീതം പ്രചരിപ്പിച്ച് സഭയിൽ കലഹത്തിന്റെ വിത്തു വിതച്ച അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ തെറ്റ് അക്ഷന്ത്യവ്യമാണ്. ക്രൈസ്തവസഭയുടെ പ്രാരംഭദശയിൽ കടലുകൾ കടന്ന് ഇവിടെയെത്തി സഭ സ്ഥാപിക്കുകയും കൂദാശകളും പട്ടത്വനൽവരങ്ങളും നമ്മുടെ പൂർവ്വികന്മാർക്ക് നൽകി സഭയെ ഉറപ്പിക്കുകയും ഈ മണ്ണിൽ അലിഞ്ഞുചേരുകയും ചെയ്ത ആ പുണ്യവാന്റെ സഭയിൽപെട്ടവരാരും ഈ വേദവിപരീതം പറഞ്ഞ് ശാപഗ്രസ്തരായിത്തീരരുതേയെന്ന് ഓർമ്മിപ്പിക്കുന്നു. ആരെങ്കിലും അത് പറയുന്നുവെങ്കിൽ അപ്പോസ്തോലന്റെ രക്തം വീണു കുതിർന്ന മണ്ണിൽ നിന്നാണ് അദ്ദേഹത്തിനെതിരായി ശബ്ദിക്കുന്നതെന്നു മനസ്സിലാക്കണമേയെന്നു വിനീതമായി ഓർമ്മിപ്പിക്കുന്നു.

ഈ സ്വീകരണം നടത്തുന്നത് വടക്കൻ ഭദ്രാസനങ്ങളുടെ സംയുക്താഭിമുഖ്യത്തിലാണ്. മലങ്കരയിലെ മറ്റു ഭദ്രാസനങ്ങളിൽപെട്ടവരും ഇതിൽ പങ്കെടുക്കുന്നുണ്ട്. ഈ സഭയെക്കുറിച്ച് നാം കേസുകാരും വഴക്കുകാരുമാണെന്നു പറയുകയും ചിന്തിക്കുകയും ചെയ്യുന്നവരുമുണ്ട്. ഇവിടെയാരാണ് ബഹളങ്ങൾ സൃഷ്ടിക്കുന്നത്. പതിനാറാം ശതാബ്ദത്തിൽ വിദേശീയാധികാരം ഇവിടെ വരുന്നതുവരെയുള്ള മലങ്കരസഭയുടെ ചരിത്രം വഴക്കുകളുടെ ചരിത്രമല്ല, യോജിപ്പിന്റെ ചരിത്രമാണ്. മാർത്തോമ്മാശ്ലീഹാ ഇവിടെ ഒരു സഭ സ്ഥാപിച്ചു. ഒരു സ്വതന്ത്ര സഭ, ഒരു ദേശീയസഭ. തന്റെ പരിരക്ഷകനായ കർത്താവിനോടു മാത്രം വിധേയത്വമുള്ള സഭ. അദ്ദേഹം സ്ഥാപിച്ച സഭ അന്ത്യോഖ്യാ പാത്രിയർക്കീസിന് വിധേയമായിട്ടുള്ള ഒരു സഭയായിരുന്നില്ല. അതതുകാലങ്ങളിൽ അനേകരുമായി ഈ സഭ അടുത്ത് ഇടപെട്ടിട്ടുണ്ട്. അടുത്തുകൂടിയവർ അധികാരം പ്രയോഗിക്കുവാൻ തുടങ്ങിയപ്പോൾ മാത്രം അവരെ ചെറുത്തു പരാജയപ്പെടുത്തിയ പാരമ്പര്യത്തിന്റെ അവകാശികളാണ് മലങ്കരനസ്രാണികൾ. വിദേശാധിപത്യത്തെ കടലുകൾക്കപ്പുറം നിറുത്തിയ ചരിത്രസത്യം നമുക്കു അഭിമാനപൂർവ്വം കല്പിച്ചുതന്നവരാണ് നമ്മുടെ പൂർവ്വികപിതാക്കൾ. വിദേശാധിപത്യത്തേയും വിശ്വാസവിപരീതത്തേയും കൂനൻകുരിശുസത്യം ചെയ്തും മാവേലിക്കര പടിയോലയെഴുതിയും തകർത്തവരുടെ അനന്തരഗാമികളാണ് നാം. സനാതന ഹൈന്ദവ സംസ്ക്കാരത്തിന്റെ പരിലാളനയേറ്റു വളർന്ന ഈ സഭയെ വൈദേശികശക്തികൾക്കോ വൈദേശിക മേധാവിത്വത്തിനോ ഒരിക്കലും പരാജയപ്പെടുത്തുവാൻ സാദ്ധ്യമല്ലെന്നു മലങ്കര നസ്രാണികളുടെ പ്രബുദ്ധമായ ചരിത്രം വിളിച്ചറിയിക്കുന്നു. ഈ സഭ ആചന്ദ്രതാരം സ്വാതന്ത്ര്യത്തിന്റെ ശീതളഛായയിൽ തന്നെ വളരുമെന്ന് ഉറക്കെ പ്രഖ്യാപിക്കുവാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു.

മലങ്കരസഭ സമാധാന വ്യവസ്ഥകൾ അങ്ങേയറ്റം പാലിച്ചുകൊണ്ട് നാം മുന്നോട്ടുപോയി. എന്നാൽ സഭാസമാധാനത്തെ തകർത്തുകൊണ്ട് അബ്ദള്ളാ പാത്രിയർക്കീസിനെപ്പോലെ യാക്കൂബ് തൃതീയൻ ചെയ്തുകൊണ്ടിരിക്കുന്ന മലങ്കരസഭാ നശീകരണപ്രവർത്തനങ്ങൾക്ക് ചരിത്രം മാപ്പു നൽകുകയില്ല. അത് ഇന്ന് ഒരു റിബൽ കാതോലിക്കായിലും അധികാരമില്ലാത്ത ഒരു അസോസിയേഷനിലും വരെ എത്തിയിരിക്കയാണ്. 1958-ൽ നടന്ന യോജിപ്പിനു വിരുദ്ധമായി മലങ്കരസഭ യാതൊന്നും ചെയ്തിട്ടില്ലെന്നും ചെയ്യുകയില്ലെന്നും ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

ചില സ്ഥലങ്ങളിലൊക്കെ അക്രമത്തിലൂടെയും ഭീഷണികളിലൂടെയും ചില പള്ളികൾ പിടിച്ചെടുക്കുവാൻ വിഘടിത ഗ്രൂപ്പുകാർ ശ്രമിക്കുന്നുണ്ട്. പള്ളികൾ കുത്തിത്തുറന്ന് അകത്തു കയറിക്കൂടുന്നതിൽ അവർക്കു നേതൃത്വം നൽകുന്ന മെത്രാന്മാരും കാതോലിക്കായും പുറകോട്ടല്ല. അക്രമവും അനീതിയും പ്രവർത്തിക്കുന്നവരെ കൈകാര്യം ചെയ്യേണ്ടത് ഗവൺമെന്റും കോടതികളും പോലീസുമാണ്. കോടതികൾ സത്യവും നീതിയും ന്യായവും നോക്കി വിധിക്കുമെന്ന് നമുക്കുറപ്പുണ്ട്. എന്നാൽ കോടതിവിധികൾ നടപ്പാക്കുന്നതിനും ദേവാലയങ്ങൾക്കുള്ളിലെ ആരാധന അലങ്കോലപ്പെടുത്തുന്നതിനെ തടയുന്നതിനും ഗവൺമെന്റിനു വേണ്ടതുപോലെ സാധിക്കുന്നില്ലെന്നുള്ള പരാതി പലപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയതാല്പര്യങ്ങളുടെ പേരിൽ പക്ഷപാതിത്വം കാണിക്കുന്ന നേതാക്കന്മാരെക്കുറിച്ച് നാം ഇവിടെ ഒന്നും പറയുന്നില്ല. സ്വാധീനിക്കുന്നുണ്ടെങ്കിൽ അത് രാഷ്ട്രീയകക്ഷികൾക്ക് പൊതുവെ ദോഷമായി പരിണമിക്കുമെന്നു മാത്രമേ നാം പറയുന്നുള്ളു.

നമ്മുടെ ഗവൺമെന്റിനോട് ഈ മലങ്കരസഭയ്ക്ക് ഒരപേക്ഷയുണ്ട്. ഇന്നു സഭയ്ക്കുവേണ്ടി പക്ഷപാതിത്വത്തോടെയോ ന്യായരഹിതമായോ എന്തെങ്കിലും ചെയ്യണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. എന്നാൽ സത്യവും നീതിയും സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണെന്നു ഞാൻ കരുതുന്നു.

മലങ്കരസഭയിൽപ്പെട്ട ആളുകൾ അന്യോന്യം തല്ലി നശിക്കരുതെന്നു കരുതി നാം ഒത്തുതീർപ്പിന്റെ ശ്രമങ്ങൾ പലപ്പോഴും നടത്തിയിട്ടുണ്ട്. അതെല്ലാം അധികാരമോഹം വർദ്ധിച്ച അന്തോഖ്യാ പാത്രിയർക്കീസന്മാരാണ് തകർത്തു കളഞ്ഞിട്ടുള്ളത്. ഒടുവിൽ 1958-ലെ സുപ്രധാനമായ സുപ്രീംകോടതിവിധിയിൽ കൂടി മലങ്കരസഭയുടെ സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെട്ടപ്പോൾ പരാജയമടഞ്ഞ പാത്രിയർക്കീസ് സമാധാനം പറഞ്ഞു കാതോലിക്കേറ്റിനെ സമീപിച്ചു. മലങ്കരസഭാ ഭരണഘടനയ്ക്കു വിധേയമായി നാം പാത്രിയർക്കീസിനെ സ്വീകരിച്ചു. ഈ സഭയുടെ ഭരണഘടനയ്ക്കു വിധേയമായി പ്രവർത്തിച്ചുകൊള്ളാമെന്ന് ഉറപ്പിച്ചു പറഞ്ഞ പാത്രിയർക്കീസ് അതിനെ ലംഘിച്ചപ്പോൾ അറബിക്കടലിനു അക്കരെത്തന്നെ നിൽക്കേണ്ടിവന്ന ദുരവസ്ഥ അവർ മനസിലാക്കി. ഇന്ന് അദ്ദേഹം മലങ്കരസഭയുമായുള്ള ബന്ധത്തിൽ നിന്നു സ്വയം അന്യനായി ത്തീർന്നിരിക്കുകയാണ്.

നമ്മുടെ ഗവൺമെന്റിനോട് ഈ മലങ്കരസഭയ്ക്ക് ഒരപേക്ഷയുണ്ട്. ഇന്നു സഭയ്ക്കുവേണ്ടി പക്ഷപാതിത്വത്തോടെയോ ന്യായരഹിതമായോ എന്തെങ്കിലും ചെയ്യണമെന്നു ഞങ്ങൾ ആവശ്യപ്പെടുന്നില്ല. എന്നാൽ സത്യവും നീതിയും സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ചുമതലയാണെന്നു ഞാൻ കരുതുന്നു. വടക്കുള്ള ഭദ്രാസനങ്ങളിലെ ജനങ്ങളോട് ഒരു വാക്കു ഞാൻ പറയട്ടെ. ഒരു കാലത്ത് ഈ വിഭാഗങ്ങളിലുള്ളവർക്ക് സ്ഥാനം നൽകിയില്ലെന്നുള്ള പ്രചരണങ്ങളായിരുന്നു കേട്ടുകൊണ്ടിരുന്നത്. പക്ഷേ ഈ കുറ്റം ആരോപിച്ചവർ മെത്രാന്മാരായി വാഴിച്ചവരിൽ അധികം പങ്കും തെക്കർ തന്നെയാണെന്നത് അത്ഭുതമല്ലേ? വിഘടിത അസോസിയേഷൻ തെരഞ്ഞെടുത്ത പ്രധാന ചുമതലക്കാരും തെക്കർ തന്നെ. കാര്യങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ ഇതിന്റെയൊക്കെ യാഥാർത്ഥ്യം മനസ്സിലാക്കണമെന്നു മാത്രം നാം അഭ്യർത്ഥിക്കുന്നു.

റൂമേനിയ, അർമ്മേനിയ എന്നീ വിദേശസഭകളിൽ നിന്നും പ്രതിനിധികൾ ഈ സ്വീകരണത്തിൽ പങ്കെടുക്കുന്നുണ്ട്. പൗരാണികമായ ഈ സഭയോടുള്ള സ്നേഹമത്രെ അവരുടെ സാന്നിദ്ധ്യത്തിൽ നാം ദർശിക്കുന്നത്. അവരുടെയും ഇതര സമുദായാംഗങ്ങളുടെയും സാന്നിദ്ധ്യവും ആശംസകളും നാം വിലമതിക്കുന്നു. നമ്മുടെ സ്ഥാനാരോഹണവേളയിൽ മാർപാപ്പാ തിരുമേനി അയച്ചു തന്ന ആശംസാ സന്ദേശവും ഈ അവസരത്തിൽ സന്തോഷപൂർവ്വം നാം സ്മരിക്കുന്നു.

(1982-ൽ നടന്ന സപ്തതി ആഘോഷത്തിൽ പങ്കെടുക്കാനെത്തിയ വിദേശ സഭാപ്രതിനിധികൾക്ക് എറണാകുളത്ത് മാർ ഔഗേൻ നഗറിൽ വടക്കൻ ഭദ്രാസനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിൽ നൽകപ്പെട്ട സ്വീകരണ സമ്മേളനത്തിൽ ചെയ്ത പ്രസംഗം)

ലേഖനം


വി. മാർത്തോമാ ശ്ലീഹാ ഭാരതത്തിന്റെ അപ്പോസ്തോലൻ

ഡോ. വിപിൻ കെ. വർഗീസ്, സൗത്ത് പാമ്പാടി

വി. വേദപുസ്തകത്തിൽ ദിദിമോസ് തോമസ് എന്നും യൂദാസ് തോമസ് എന്നും അറിയപ്പെടുന്ന തോമസ് അപ്പോസ്തോലനാണ് ഭാരതത്തിൽ കർതൃ സുവിശേഷം ഘോഷിച്ചത്. ആ പരിശുദ്ധ പിതാവിന്റെ നാമത്തിലാണ് നമ്മുടെ ഇടവകയും സ്ഥാപിതമായിരിക്കുന്നത്. പാലസ്തീനിലെ ഗലീലി തടാകത്തിന്റെ തീരത്തു ജനിച്ചു വളർന്ന തോമ്മായും കുടുംബവും മത്സ്യബന്ധനം തൊഴിലാക്കിയവരായിരുന്നു. വേദപുസ്തകത്തിൽ മാർത്തോമാ എന്ന ധീരനായ പിതാവിനെക്കുറിച്ച് പരിമിതമായ ചില പരാമർശങ്ങളേ ഉള്ളു. ലാസറിന്റെ മരണ വാർത്തയറിഞ്ഞ് യേശുക്രിസ്തു ബഥാന്യയിലേക്ക് പോകുവാൻ ഒരുങ്ങിയപ്പോൾ ശിഷ്യന്മാർ തടയാൻ ശ്രമിച്ചു. എന്നാൽ ധീരനായ നമ്മുടെ അപ്പോസ്തോലൻ "അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക" എന്ന പ്രഖ്യാപനം വഴി ഗുരുവിനോടുള്ള സ്നേഹം പ്രകടമാക്കുന്നു. എന്നാൽ ധീരനായ തോമാശ്ലീഹാ ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരെ ആദ്യം സന്ദർശിച്ചപ്പോൾ സന്നിഹിതനായിരുന്നില്ല. തന്മൂലം അദ്ദേഹത്തിന്റെ പൗരോഹിത്യം, അവിശ്വാസം എന്നിവയെ പരാമർശിച്ച് ചിലർ ആ പിതാവിന്റെ ശ്രേഷ്ഠതയെ ഇടിച്ചു താഴ്ത്താൻ ശ്രമിച്ചു. എന്നാൽ യഥാർത്ഥ വസ്തുത മാർത്തോമാ പൈതൃക നേരവകാശികളായ മലങ്കര ഓർത്തഡോക്സ് സഭാ മക്കൾ അറിഞ്ഞിരിക്കേണ്ടത് അനിവാര്യമാണ്.

മാർത്തോമാ ശ്ലീഹായുടെ പൗരോഹിത്യം

മാർത്തോമാശ്ലീഹായ്ക്ക് പട്ടത്വം ഇല്ല എന്നു പറയുന്നതിന് അടിസ്ഥാനമായി സ്വീകരിക്കുന്ന വേദഭാഗം വി. യോഹന്നാൻ 20:21-24 വാക്യങ്ങളാണ്. "യേശു പിന്നെയും അവരോട് നിങ്ങൾക്കു സമാധാനം. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെമേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവീൻ. ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവർക്ക് മോചിക്കപ്പെട്ടിരിക്കുന്നു, ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്കു നിർത്തിയിരിക്കുന്നു എന്നു പറഞ്ഞു. എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല." പൗരോഹിത്യ അധികാരമായ പാപമോചനാധികാരവും പരിശുദ്ധാത്മാവിനേയും ശിഷ്യന്മാർക്ക് പ്രദാനംചെയ്തപ്പോൾ മാർത്തോമാശ്ലീഹാ ഉണ്ടായിരുന്നില്ല എന്നതുകൊണ്ട് മാർത്തോമാശ്ലീഹായ്ക്ക് പൗരോഹിത്യം ഇല്ലാ എന്ന് പറയുന്നു. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു വസ്തുത ശിഷ്യസമൂഹത്തിന് മുഴുവനായും ആണ് ഈ അധികാരം നൽകിയത് എന്നതാണ്. അതായത് ഓരോ ശിഷ്യനേയും പേരെടുത്ത് പറഞ്ഞ് ഒരു അധികാരവും നൽകുന്നില്ല എന്നതുകൊണ്ട് തന്നെ മാർത്തോമാ ശ്ലീഹാ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിന് മുഴുവനായും ലഭിച്ച അധികാരം അദ്ദേഹത്തിനും ലഭിക്കുന്നതിൽ അസ്വഭാവികത ഒന്നും ഇല്ല. കൂടാതെ ഈ സംഭവത്തിന് ശേഷം സ്വർഗ്ഗാരോഹണവും കഴിഞ്ഞ് അപ്പോസ്തോലന്മാരും വിശ്വാസി സമൂഹവും കൂടിയിരുന്നപ്പോഴാണ് യൂദായ്ക്ക് പകരക്കാരനെ തിരഞ്ഞെടുത്തത്. അപ്പോസ്തോല പ്രവൃത്തികൾ 1:24-ൽ വി. മത്യാസിനെ തെരഞ്ഞെടുത്തതിനെക്കുറിച്ച് ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "സകല ഹൃദയങ്ങളേയും അറിയുന്ന കർത്താവേ, തന്റെ സ്ഥലത്തേക്ക് പോകേണ്ടതിന് യൂദാ ഒഴിഞ്ഞുപോയ ഈ ശുശ്രൂഷയുടേയും അപ്പോസ്തോലത്വത്തിന്റേയും സ്ഥാനം ലഭിക്കേണ്ടതിന് ഈ ഇരുവരിൽ ഏവനെ നീ തിരഞ്ഞെടുത്തിരിക്കുന്നു എന്നു കാണിച്ചു തരേണമേ എന്നു പ്രാർത്ഥിച്ചു അവർക്ക് ചീട്ടിട്ടു." അപ്പോസ്തോലൻ എന്ന പദത്തിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണ്. അതായത് ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ. ഇങ്ങനെയുള്ള അപ്പോസ്തോലത്വത്തിലേക്കും ദൈവീകശുശ്രൂഷയിലേക്കും മത്യാസ് തിരഞ്ഞെടുക്കപ്പെടുകയും യഹൂദ്യ, എത്യോപ്യ, യറുശലേം എന്നിവിടങ്ങളിൽ സുവിശേഷം



അറിയിക്കുകയും ചെയ്തു. കർത്താവ് തിരഞ്ഞെടുത്ത തോമസ് അപ്പോസ്തോലത്വത്തിന് അയോഗ്യനാവുകയും ശിഷ്യന്മാർ നറുക്കിട്ടെടുത്ത മത്യാസ് യോഗ്യനാവുകയും ചെയ്യുന്നു എന്നു പറയുന്നത് തന്നെ മഠയത്തരമാണ്.

കൂടാതെ ഇതിന് അനുകൂലമായ ഒരു തെളിവ് പഴയനിയമത്തിൽ ഉണ്ട്. സംഖ്യാ പുസ്തകം 11:24-29 വാക്യങ്ങൾ ഇതേ സാഹചര്യം വ്യക്തമാക്കുന്നു: "അങ്ങനെ മോശ ചെന്നു യഹോവയുടെ വചനങ്ങളെ ജനത്തോടു പറഞ്ഞു. ജനത്തിന്റെ മൂപ്പന്മാരിൽ എഴുപതു പുരുഷന്മാരെ കൂട്ടി കൂടാരത്തിന്റെ ചുറ്റിലും നിറുത്തി. എന്നാറെ യഹോവ ഒരു മേഘത്തിൽ ഇറങ്ങി അവനോട് അരുളിചെയ്തു. അവൻമേലുള്ള ആത്മാവിനെ കുറെ എടുത്തു മൂപ്പന്മാരായ ആ എഴുപതു പുരുഷന്മാർക്കു കൊടുത്തു. ആത്മാവ് അവരുടെമേൽ ആവസിച്ചപ്പോൾ അവർ പ്രവചിച്ചു. പിന്നെ അങ്ങനെ ചെയ്തില്ല താനും. എന്നാൽ ആ പുരുഷന്മാരിൽ രണ്ടുപേർ പാളയത്തിൽതന്നെ താമസിച്ചിരുന്നു. ഒരുത്തനു എൽദാദ് എന്നും മറ്റവനു മേദാദ് എന്നും പേർ. ആത്മാവ് അവരുടെ മേലും ആവസിച്ചു. അവരും പേരെഴുതിയവരിൽ ഉള്ളവരായിരുന്നു. എങ്കിലും കൂടാരത്തിലേക്ക് ചെന്നിരുന്നില്ല. അവർ പാളയത്തിൽ വച്ചു പ്രവചിച്ചു. അപ്പോൾ ഒരു ബാല്യക്കാരൻ മോശയുടെ അടുക്കൽ ഓടിച്ചെന്നു എൽദാദും മേദാദും പാളയത്തിൽ വച്ചു പ്രവചിക്കുന്നു എന്ന് അറിയിച്ചു. എന്നാറെ നൂന്റെ മകനായി ബാല്യം മുതൽ മോശയുടെ ശുശ്രൂഷകനായിരുന്ന യോശുവ എന്റെ യജമാനനായ മോശയേ അവരെ വിരോധിക്കണമേ എന്നു പറഞ്ഞു. മോശെ അവനോട് എന്നെ വിചാരിച്ചു നീ അസൂയപ്പെടുന്നുവോ? യഹോവയുടെ ജനം ഒക്കെയും പ്രവാചകന്മാരാകയും യഹോവ തന്റെ ആത്മാവിനെ അവരുടെമേൽ പകരുകയും

ചെയ്തെങ്കിൽ കൊള്ളായിരുന്നു എന്നു പറഞ്ഞു." തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നുവെങ്കിലും പാളയത്തിന് പുറത്തു വരാതെയിരുന്ന 2 പേർക്കും മറ്റുള്ളവർക്കു ലഭിച്ചതുപോലെ പരിശുദ്ധാത്മാവിനെ ലഭിച്ചതായും അവർ ഇരുവരും മറ്റുള്ളവരെപ്പോലെ പ്രവചിച്ചതായും വേദപുസ്തകം സാക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സന്നിഹിതനായിരുന്നില്ലെങ്കിലും ശിഷ്യസമൂഹത്തിലേക്ക് വിളിച്ചു വേർതിരിക്കപ്പെട്ട മാർത്തോമാശ്ലീഹായ്ക്കും പൗരോഹിത്യവും പാപമോചനാധികാരവും ലഭിച്ചു എന്നത് സ്പഷ്ടമാണ്.

ഇതു കൂടാതെ വി. യോഹന്നാന്റെ സുവിശേഷം 16:7-ൽ ഇപ്രകാരം പറയുന്നു: "ഞാൻ പോകുന്നതു നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും." ഇത് യേശു തന്റെ ശിഷ്യന്മാരോടു പറയുന്നതാണ്. ഇവിടെ കാര്യസ്ഥൻ എന്നു പറഞ്ഞിരിക്കുന്നത് പരിശുദ്ധാത്മാവിനെക്കുറിച്ചാണ്. ഇവിടെ യേശു എടുത്തു പറയുന്ന ഒരു വസ്തുത 'യേശു പോയില്ല എങ്കിൽ പരിശുദ്ധാത്മാവ് വരികയില്ല' എന്നാണ്. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം മാത്രമേ പരിശുദ്ധാത്മാവ് ആവസിക്കുകയുള്ളു എന്നും ഇതിൽ നിന്നും മനസ്സിലാക്കാം. അപ്പോസ്തോലപ്രവൃത്തികൾ 2:1-4 വരെയുള്ള ഭാഗത്ത് പരിശുദ്ധാത്മാവ് ശിഷ്യസമൂഹത്തിന്റെ മേൽ ആവസിക്കുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ സംഭവം സ്വർഗ്ഗാരോഹണത്തിന് ശേഷമാണ് നടക്കുന്നത്.

അവിശ്വാസിയായ തോമസ് (സംശയാലുവായ തോമാ)

മലങ്കരയിലുള്ള ചില നസ്രാണി മക്കൾ തങ്ങളുടെ പിതാവിനെ വിശേഷിപ്പിക്കുന്ന പദങ്ങളാണ് ഈ ഭാഗത്തിന്റെ തലക്കെട്ടായി നൽകിയിരിക്കുന്നത്. ആദ്യം സംശയാലുവായ തോമായെക്കുറിച്ചും യാതൊരു സംശയവും ഇല്ല എന്ന് പ്രഖ്യാപിക്കപ്പെടുന്ന മറ്റു ശ്ലീഹന്മാരെക്കുറിച്ചും വി. വേദപുസ്തകം എന്തു പറയുന്നുവെന്നു പരിശോധിക്കാം. യേശുക്രിസ്തു മനുഷ്യനായി ശ്ലീഹന്മാരോടൊപ്പം ഈ ലോകത്തിൽ ജീവിച്ച കാലത്തെ ക്കുറിച്ച് പ്രതിപാദിക്കുന്നത് നാല് സുവിശേഷഭാഗങ്ങളിലാണ്.

യേശുക്രിസ്തുവിന്റെ കബറടക്കത്തിന്ശേഷം നടന്ന സംഭവങ്ങൾ വി. മത്തായി 28:16, 17 വാക്യങ്ങളിൽ പ്രതിപാദിക്കുന്നതിപ്രകാരമാണ്: "എന്നാൽ പതിനൊന്നു ശിഷ്യന്മാർ ഗലീലയിൽ യേശു അവരോട് കല്പിച്ചിരുന്ന മലെക്ക് പോയി. അവനെ കണ്ടപ്പോൾ അവർ നമസ്ക്കരിച്ചു. ചിലരോ സംശയിച്ചു." ഇവിടെ യേശുക്രിസ്തുവിന്റെ കല്പനപ്രകാരം മലയിലേക്ക് ശിഷ്യന്മാർ പോകുന്നതായി പറയുന്നു. അവർ അവിടെ വച്ച് യേശുക്രിസ്തുവിനെ നമസ്കരിച്ചു. അവരിൽ ചിലർ യേശുവിനെ സംശയിച്ചതായും രേഖപ്പെടുത്തുന്നു. ഇവിടെ ചിലർ എന്നു ബഹുവചനത്തിൽ പറഞ്ഞിരിക്കുന്നതുകൊണ്ട് തന്നെ ഒന്നിലധികം പേർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ സംശയിച്ചിരിക്കാം. തോമാ ശ്ലീഹാ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാതെ വിശ്വസിക്കുകയില്ല എന്നാണ് പറഞ്ഞതെന്നും ഇത്തരുണത്തിൽ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

വി. മർക്കോസ് 16:9-14-ൽ ഇപ്രകാരം പറയുന്നു: "അവൻ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ രാവിലെ ഉയിർത്തെഴുന്നേറ്റിട്ട് താൻ ഏഴ് ഭൂതങ്ങളെ പുറത്താക്കിയിരുന്ന മഗ്ദലക്കാരത്തി മറിയയ്ക്ക് ആദ്യം പ്രത്യക്ഷനായി. അവൾ ചെന്ന് അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞും കൊണ്ടിരിക്കുന്നവരോട് അറിയിച്ചു. അവൻ ജീവനോടിരിക്കുന്നു എന്നും അവൾ അവനെ കണ്ടു എന്നും അവർ കേട്ടാറെ വിശ്വസിച്ചില്ല. പിന്നെ അവരിൽ രണ്ടുപേർ നാട്ടിലേക്ക് പോകുമ്പോൾ അവൻ മറ്റൊരു രൂപത്തിൽ അവർക്കു പ്രത്യക്ഷനായി. അവർ പോയി ശേഷമുള്ളവരോട് അറിയിച്ചു. അവരുടെ വാക്കും അവർ വിശ്വസിച്ചില്ല. പിന്നത്തേതിൽ പതിനൊരുവർ ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അവർക്കു പ്രത്യക്ഷനായി. തന്നെ ഉയിർത്തെഴുന്നേറ്റവനായി കണ്ടവരുടെ വാക്ക് വിശ്വസിക്കായ്കയാൽ അവരുടെ അവിശ്വാസത്തേയും ഹൃദയകാഠിന്യത്തേയും ശാസിച്ചു." മഗ്ദലക്കാരത്തി മറിയയ്ക്കും മറ്റു രണ്ടുപേർക്കും യേശു ഉയിർത്തെഴുന്നേറ്റ ശേഷം പ്രത്യക്ഷനായി. ഇവർ തങ്ങൾക്ക് പ്രത്യക്ഷനായ യേശുവിനെപ്പറ്റി മറ്റുള്ളവരോട് പറഞ്ഞെങ്കിലും അവർ വിശ്വസിച്ചില്ല. പൊതുവായിട്ടാണ് ശേഷമുള്ളവർ എന്നും അവനോടുകൂടെ ഇരുന്നവരായി ദുഃഖിച്ചും കരഞ്ഞും കൊണ്ടിരുന്നവർ എന്നും പറഞ്ഞിരിക്കുന്നത്. എന്നാൽ ഇതിൽ പതിനൊന്ന് ശിഷ്യന്മാർ (യൂദാ ഒഴികെ) ഉൾപ്പെട്ടിരുന്നുവെന്ന് പിന്നീടുള്ള വാക്യം വ്യക്തമാക്കുന്നു. താൻ ഉയിർത്തെഴുന്നേറ്റുവെന്ന മറിയയുടേയും മറ്റ് രണ്ടു പേരുടേയും വാക്കുകളെ വിശ്വസിക്കാത്ത പതിനൊരുവരെ യേശു ശാസിക്കുന്നു.

വി. ലൂക്കോസ് 24:8-11-ൽ ഇപ്രകാരം പറയുന്നു: "അവർ അവന്റെ വാക്ക് ഓർത്തു. കല്ലറ വിട്ടു മടങ്ങിപ്പോയി പതിനൊരുവർ മുതലായ എല്ലാവരോടും ഇതു ഒക്കെയും അറിയിച്ചു. അവർ ആരെന്നാൽ മഗ്ദലക്കാരത്തി മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയ എന്നവർ തന്നെ. അവരോടുകൂടെയുള്ള മറ്റു സ്ത്രീകളും അത് അപ്പോസ്തോലന്മാരോടു പറഞ്ഞു. ഈ വാക്ക് അവർക്ക് വെറും കഥപോലെ തോന്നി. അവരോ വിശ്വസിച്ചില്ല." ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കുറിച്ച് മഗ്ദലക്കാരത്തി മറിയയും മറ്റ് സ്ത്രീകളും ശ്ലീഹന്മാരോടു പറഞ്ഞുവെങ്കിലും അവർ അവരുടെ വാക്ക് വിശ്വസിച്ചില്ല എന്നാണ് വി. ലൂക്കോസ് രേഖപ്പെടുത്തുന്നത്.

തോമാശ്ലീഹായുടെ അവിശ്വാസത്തെക്കുറിച്ച് വി. യോഹന്നാൻ 20:24, 25 വാക്യങ്ങളിൽ ഇപ്രകാരം പറയുന്നു: "എന്നാൽ യേശു വന്നപ്പോൾ പന്തിരുവരിൽ ഒരുവനായ ദിദിമോസ് എന്ന തോമസ് അവരോടുകൂടെ ഉണ്ടായിരുന്നില്ല. മറ്റേ ശിഷ്യന്മാർ അവനോട് ഞങ്ങൾ കർത്താവിനെ കണ്ടു എന്നു പറഞ്ഞാറെ ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുത് കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കയില്ല എന്ന് അവൻ അവരോടു പറഞ്ഞു." ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നത് ക്രിസ്തുവിനെ നേരിൽ കാണാതെ വിശ്വസിക്കയില്ല എന്നാണ് തോമാശ്ലീഹാ പറഞ്ഞത്.

വി. യോഹന്നാൻ മാർത്തോമാശ്ലീഹായെ മാത്രം സംശയാലുവായി രേഖപ്പെടുത്തുമ്പോൾ വി. മർക്കോസും വി. ലൂക്കോസും ശിഷ്യസമൂഹത്തെ (11 പേരെയും) മുഴുവനായും സംശയാലുക്കൾ ആയി രേഖപ്പെടുത്തുന്നു. വി. മത്തായി ശിഷ്യന്മാരിൽ ചിലർ ഉയിർത്തെഴുന്നേറ്റ യേശുവിനെ നേരിട്ടു കണ്ടെങ്കിലും സംശയിച്ചതായും രേഖപ്പെടുത്തുന്നു. ഇതിൽ നിന്നു തന്നെ മാർത്തോമാശ്ലീഹാ മാത്രമല്ല സംശയാലു എന്നു വ്യക്തമാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തെ അങ്ങനെ അധിക്ഷേപിക്കുന്നത് ശരിയുമല്ല.

മാർത്തോമാശ്ലീഹായുടെ സിംഹാസനം

ശ്ലീഹന്മാർക്ക് ലഭിച്ച ശ്ലൈഹിക അധികാരത്തിന്റെ പ്രതീകമാണ് സിംഹാസനം എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. സിംഹാസനം എന്ന പദംകൊണ്ട് ആദ്യം മനസിലെത്തുന്നത് രാജാവിന്റെ സിംഹാസനത്തോടു സമാനമായ ഒരു അധികാര കസേരയാണ്. കർതൃശ്ലീഹന്മാരിൽ ആർക്കെങ്കിലും സിംഹാസനം (കസേര) സ്ഥാപിച്ച് അതിലുപവിഷ്ടരായി ആത്മികഭരണം നിർവ്വഹിക്കാൻ തക്കതായ ഒരു സാഹചര്യം ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നില്ല എന്നതിനുള്ള ഏറ്റവും വലിയ തെളിവാണ് വി. യോഹന്നാൻ ഒഴികെ ഒരു ശ്ലീഹായ്ക്കും സ്വാഭാവികമരണം പ്രാപിക്കാൻ കഴിഞ്ഞില്ല എന്നുള്ളത്. അവർ എല്ലാവരും രക്തസാക്ഷികളാവുകയായിരുന്നു. യേശുക്രിസ്തു ശിഷ്യന്മാർക്കു നൽകിയ പട്ടത്വ അധികാരവും പാപമോചന അധികാരവും ആണ് ശ്ലൈഹിക സിംഹാസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഈ അധികാരങ്ങൾ ഇപ്പോഴത്തെ മേൽപ്പട്ടക്കാരിലും വൈദികരിലും എത്തിയത് ശ്ലൈഹിക കൈവയ്പു വഴിയാണ്. ഈ ശ്ലൈഹിക കൈവയ്പു നടത്താനുള്ള അധികാരത്തെയാണ് ശ്ലൈഹിക സിംഹാസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.

അതുകൊണ്ട് തന്നെ മാർത്തോമാശ്ലീഹായുടെ സിംഹാസനം എന്ന പദപ്രയോഗത്തിൽ യാതൊരുവിധമായ അപാകതകളും ഇല്ല. ഈ പദം സഭയുടെ ആരംഭം മുതൽ ഉപയോഗിച്ചിരുന്നു. രേഖാപരമായ ആദ്യ തെളിവ് 1301-ൽ കൊടുങ്ങല്ലൂർ വെച്ച് ഒരു സഖറിയ ശെമ്മാശൻ പകർത്തിയെഴുതിയ കൽദായ സുറിയാനി വേദവായനക്കുറിപ്പ് പുസ്തകമാണ്. വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിക്കുന്ന പ്രസ്തുത പുസ്തകത്തിൽ അന്ന് ഭരിക്കുന്ന മെത്രാപ്പോലീത്തായെപ്പറ്റി 'ഞങ്ങളുടെ തലവനായ മാർ യാക്കോബ്, മാർത്തോമാശ്ലീഹായുടെ പരിശുദ്ധ സിംഹാസനത്തിന്റേയും (The Holy see of Apostle St. Thomas) ഇന്ത്യൻസഭ മുഴുവന്റേയും അദ്ധ്യക്ഷനും തലവനും' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 1653 മുതൽ 1815 വരെ മലങ്കരസഭയെ നയിച്ച 8 മെത്രാൻമാരും മാർത്തോമാ എന്ന പേരാണ് മേൽപ്പട്ടസ്ഥാനമേറ്റപ്പോൾ സ്വീകരിച്ചത്. അവരിൽ പലരുടേയും യഥാർത്ഥ പേര് മറ്റൊന്നായിരുന്നു. ഇത് സഭാസ്ഥാപകനായ മാർത്തോമായുടെ പൈതൃകം പിൻതുടരുന്നു എന്ന് സൂചിപ്പിക്കുവാനായിരുന്നു.

1817-ൽ മലങ്കര മെത്രാപ്പോലീത്തായായി പുന്നത്ര ഗീവറുഗീസ് മാർ ദീവന്നാസ്യോസിനെ (മാർ ദീവന്നാസ്യോസ് തൃതീയൻ) ആക്ടിംഗ് മലങ്കര മെത്രാപ്പോലീത്താ കിടങ്ങൻ ഗീവറുഗീസ് മാർ പീലക്സിനോസ് വാഴിച്ചപ്പോൾ

നൽകിയ സ്ഥാത്തിക്കോനിൽ മാർ പീലക്സീനോസ് സ്വയം വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്: “തോമസ് അപ്പോസ്തോലന്റെ സിംഹാസനമാകുന്ന മലങ്കരയുടേയും ഇന്ത്യ മുഴുവന്റേയും സിംഹാസനത്തിൽ ഗീവറുഗീസ് എന്നു പേരുള്ള പീലക്സീനോസ് മെത്രാപ്പോലീത്താ.” 1829-ൽ അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ചേപ്പാട്ട് പീലിപ്പോസ് മാർ ദീവന്നാസ്യോസ് (മാർ ദീവന്നാസ്യോസ് നാലാമൻ) തൊഴിയൂർ ഇടവകയുടെ ഗീവറുഗീസ് മാർ കൂറിലോസിന് നൽകിയ സ്ഥാത്തിക്കോനിൽ സ്വയം വിശേഷിപ്പിക്കുന്നതിപ്രകാരമാണ്: “ദൈവകൃപയാൽ ഇന്ത്യയുടെ അതിർത്തിയിലുള്ള മലയാളത്തിൽ വസിക്കുന്ന ക്രിസ്തുവിന്റെ ആട്ടിൻകുട്ടികളുടേയും പെണ്ണാടുകളുടേയും ഇടയനും യാക്കോബായ സുറിയാനി ക്രിസ്ത്യാനി സമൂഹത്തിന്റെ പിതാവും പരിശുദ്ധനും ഭാഗ്യവാനുമായ മാർ തോമസ് അപ്പോസ്തോലന്റെ സിംഹാസനാരൂഢനുമായിരിക്കുന്ന ഫിലിപ്പോസെന്ന ദീവന്നാസ്യോസ് മെത്രാപ്പോലീത്താ ആയ നാം.” മാർ ദീവന്നാസ്യോസ് നാലാമന് 1840-ൽ അന്ത്യോഖ്യയുടെ ഇഗ്നാത്തിയോസ് ഏലിയാസ് ദ്വിതീയൻ പാത്രിയർക്കീസ് അയച്ച കല്പനയിൽ മലങ്കരസഭയെ വിശേഷിപ്പിക്കുന്നത് “പരിശുദ്ധ അപ്പോസ്തോലനായ മാർത്തോമായുടെ സിംഹാസന ഇടവക” എന്നാണ്.

1848-ലെ കൊച്ചി പഞ്ചായത്ത് വിധിപ്രകാരം മലങ്കര മെത്രാൻ സ്ഥാനം പ്രാപിച്ച പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസ് പരിശുദ്ധ മാർത്തോമാശ്ലീഹായുടെ സിംഹാസനം എന്ന സ്ഥാനം ഉപയോഗിച്ചിരുന്നു. 1846-ൽ മലങ്കരയിൽ എത്തി, മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തിന് അവകാശവാദം ഉന്നയിക്കുകയും 1848-ലെ കൊച്ചി പഞ്ചായത്ത് വിധിമൂലം ആ സ്ഥാനം ലഭിക്കാതെ പോവുകയും ചെയ്ത അന്ത്യോഖ്യൻ മേൽപ്പട്ടക്കാരൻ യൂയാക്കീം മാർ കൂറിലോസ് മലങ്കര മെത്രാപ്പോലീത്തായെന്ന് അവകാശപ്പെട്ടുകൊണ്ട് അദ്ദേഹം സ്ഥാപിച്ച ഫോർട്ടുകൊച്ചി പള്ളിയിലെ തബ്ലൈത്തായിൽ “ഇന്ത്യയിലെ മാർത്തോമാശ്ലീഹായുടെ സിംഹാസനത്തിൽ യൂയാക്കീം കൂറിലോസ് മെത്രാപ്പോലീത്തായുടെ കൈകളാൽ” എന്നു സുറിയാനിയിൽ എഴുതി.



1857-ൽ മലങ്കര സന്ദർശിച്ച യറുശലേമിലെ സുറിയാനി പാത്രിയർക്കീസായ മാർ ഗ്രീഗോറിയോസ് അബ്ദേദ് നുഹറോ റാക്കാട് പള്ളി സന്ദർശിച്ചതിന്റെ സ്മാരകമായി അദ്ദേഹം അവിടുത്തെ മദ്ബഹായിൽ സ്ഥാപിച്ച ശിലാരേഖയിൽ യുയാക്കീം മാർ കൂറിലോസിനെ “മലങ്കരയുള്ള മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ വാഴുന്ന” എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് ദ്വിതീയൻ (മാർ ദീവന്നാസ്യോസ് അഞ്ചാമൻ) മലങ്കര മെത്രാപ്പോലീത്താ അധികാരമേറ്റതിനെക്കുറിച്ച് സഭാചരിത്രകാരനായ ഇടവഴിക്കൽ ഇ. എം. ഫിലിപ്പോസ് രേഖപ്പെടുത്തിയിരിക്കുന്നത് “മാർ ദീവന്നാസ്യോസ് അഞ്ചാമൻ മാർത്തോമാശ്ലീഹായുടെ സിംഹാസനത്തിൻമേൽ വാഴ്ച ഉറപ്പിക്കുകയും ചെയ്തു” എന്നാണ്.

ഈ വിധം ലഭ്യമായ പുരാതനരേഖകളും മാർത്തോമൻ പൈതൃകവും മാർത്തോമാശ്ലീഹായുടെ ശ്ലൈഹികസിംഹാസനം എന്ന പ്രയോഗത്തിന് സാക്ഷ്യം നൽകുന്നു.

❑



തിരുവനന്തപുരം മാതാ മറിയം ആശ്രമത്തിലെ മർത്ത മറിയം പള്ളിയിൽ 29-06-2023 വ്യാഴാഴ്ച ശ്ലീഹന്മാരുടെ ഓർമ്മ പെരുന്നാൾ സന്ധ്യാ നമസ്കാരത്തിന് പ. ബസ്സേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മീകത്വം വഹിച്ചു. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സഹകാർമ്മികനായിരുന്നു.



ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമയ്ക്കായി കുറിയന്നൂർ കുടുംബാംഗം ദാനമായി നൽകിയ പാമ്പാടി ഇലക്കൊടിഞ്ഞിയിലെ സ്ഥലത്ത് സ്ഥാപിക്കുന്ന റിട്രീറ്റ് ഹോമിന്റെ പുനർനിർമാണത്തിന് ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് തുടക്കം കുറിക്കുന്നു.

മണിപ്പൂർ കലാപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതികരിക്കാത്തത് ആശങ്കയും അദ്ഭുതവും ഉണ്ടാക്കുന്നെന്ന് മലങ്കര ഓർത്തഡോക്സ് സഭ

കോട്ടയം: മണിപ്പൂർ കലാപത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതികരിക്കാത്തത് ആശങ്കയും അദ്ഭുതവും ഉണ്ടാക്കുന്നെന്ന് മലങ്കര ഓർത്തഡോക്സ് സഭ. കലാപം അടിച്ചമർത്താൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഫലപ്രദമായി ഇടപെടുന്നില്ലെന്നും സർക്കാരിന്റെ ഭാഗത്ത് വിഴ്ചയുണ്ടായെന്നും പ. ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ ബാവാ കോട്ടയത്ത് പറഞ്ഞു,

മണിപ്പൂരിൽ നടക്കുന്ന കാര്യങ്ങൾ ഇന്ത്യൻ സംസ്കാരത്തിന് നാണക്കേടാണ്. ദേവാലയങ്ങൾ തകർക്കപ്പെടുന്നു. ക്രിസ്ത്യാനികൾ മാത്രമല്ല, ഇതര മതസ്ഥരും കലാപത്തിൽ മരിക്കുന്നു. മണിപ്പൂരിൽ ഇരുകൂട്ടരോടും കലാപം നിർത്തണമെന്നാണ് സഭയ്ക്ക് പറയാനുള്ളത്.

ഏകീകൃത സിവിൽകോഡ് തിടുക്കപ്പെട്ടു നടപ്പാക്കേണ്ട ഒന്നല്ല. ഇക്കാര്യത്തിൽ ന്യൂനപക്ഷങ്ങളുടെ ആശങ്ക പരിഹരിക്കണം.

സഭാതർക്കത്തിൽ കോടതിവിധിയെയും സഭാ ഭരണഘടനെയെയും മാനിച്ചുള്ള വിട്ടുവീഴ്ചയ്ക്ക് സഭ തയ്യാറാണെന്നും അദ്ദേഹം പറഞ്ഞു.


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

വി. മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ

പി. തോമസ് പിറവം

ഭാരതത്തിന്റെ അപ്പോസ്തലനും മലങ്കരസഭാസ്ഥാപകനുമായ കർത്തൃശിഷ്യൻ വി.മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ ജൂലൈ 3-ന് (മുമ്പ് കർക്കടകം 3) ആഘോഷിക്കപ്പെടുന്നു. മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ ദുക്റാനാ എന്നാണ് കേരളത്തിൽ അറിയപ്പെട്ടിരുന്നത്. ദുക്റാനാ എന്ന പൗരസ്ത്യ സുറിയാനിപദം, 'തോറാനാ' എന്നാണ് ഇവിടെ പറഞ്ഞിരുന്നത്. ദുക്റാനാ എന്ന സുറിയാനിപദത്തിന്റെ അർത്ഥം ഓർമ്മ, അനുസ്മരണം (Memmory, Rememberence, Commemoration) എന്നൊക്കെയാണ്. A memorial prayer, Commemoration especially of the holy dead at the Lords Supper and on special days, hence, a saints day, holy day എന്നാണ് വിപുലമായ അർത്ഥം. (A compendious Syriac Dictionary of J. Payne Smith (ed) Oxford 1903) വിശുദ്ധരുടെ മരണദിനം വിശുദ്ധ കുർബ്ബാനയോടു ചേർന്ന് ആഘോഷിക്കുന്നതാണ് ദുക്റാനാ. മാർത്തോമ്മാശ്ലീഹായുടെ ദുക്റാനാ അദ്ദേഹത്തിന്റെ രക്തസാക്ഷിത്വത്തിന്റെ പെരുന്നാളാണ്.



പൗരസ്ത്യ പാശ്ചാത്യ സുറിയാനിസഭകളിൽ ഏകദേശം 5-ാം നൂറ്റാണ്ടു മുതൽ ഉപയോഗിച്ചിരുന്ന ആരാധനക്രമങ്ങളുടെ (ബ്രിട്ടീഷ് മ്യൂസിയത്തിലും, കേംബ്രിഡ്ജ് സർവ്വകലാശാല മ്യൂസിയത്തിലും, വത്തിക്കാൻ മ്യൂസിയത്തിലും സൂക്ഷിച്ചിട്ടുള്ള) കൈയെഴുത്തുപ്രതികളിൽ (Manuscripts) പെട്ട വേദവായനക്കുറിപ്പുകളിൽ മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾദിനമായി രേഖപ്പെടുത്തിയിട്ടുള്ളത് തോമൂസ് (ജൂലൈ) 3 എന്നാണ്. (A. British Museum MSS. CCXLVI fol 123.a Estrangela Script. The commemoration of St.Thomas on the 3rd Tomus AD 1074. B. British Museum MSS. CCXLVIII fol 143.b Nestorian Estrangela, The commemoration of St.Thomas on the 3rd Tomus.) ഈ കൈയെഴുത്തു കൃതികളിൽ മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾദിനങ്ങളായി മറ്റൊരു ദിനം കാണുന്നില്ല.

നാലാം നൂറ്റാണ്ടിൽ അന്തോക്യായിലെ മാർ സേവേറിയോസിന്റെ പെരുന്നാൾ പ്രഭാഷണങ്ങളിൽ 28-ാമത്തേത് AD 518 ജൂലൈ 3-ന് മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാളിൽ അദ്ദേഹം നിർവ്വഹിച്ചതാണ്. (Fr.Dr.B Varghese, 'Saint Peter in west syriac Liturgical Tradition') പുരാതന സുറിയാനിപഞ്ചാംഗങ്ങളിലും മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളായി ജൂലൈ 3 ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പൗരസ്ത്യ സഭാകലണ്ടറിൽ 'ജൂലൈ 3 – ഇൻഡ്യയിൽവച്ച് കുന്തത്താൽ കുത്തേറ്റു മരണമടഞ്ഞ വിശുദ്ധ തോമ്മാ. അദ്ദേഹത്തിന്റെ ശരീരം ഖാബിൻ എന്ന വ്യാപാരി ഉറഹായിൽ കൊണ്ടുവന്നു സ്ഥാപിച്ചു. ഒരു വലിയ പെരുന്നാൾ' എന്ന് കാണാം. (V.C.George, Apostalate & Martyrdom of St.Thomas, p.153. Z.M. പാറേട്ട്, മലങ്കര നസ്രാണികൾ വാല്യം I പേ.170 (Syr.MSS.1443). (6.A.J. Maclean, The Catholicos of the East and his people, London 1892.) ഇവിടെ മരണമടഞ്ഞതിന്റെ ഓർമ്മ എന്നാണ് സൂചിപ്പിക്കുന്നത്. അസ്ഥികൾ ഉറഹായിൽ സ്ഥാപിച്ചതിന്റെ ഓർമ്മയെന്നല്ല പറയുന്നത്. തിരുശേഷിപ്പു സ്ഥിതിചെയ്യുന്ന ഇടം സൂചിപ്പിക്കുക മാത്രമാണു ചെയ്തിരിക്കുന്നത്.

പെരുന്നാളുകളെപ്പറ്റി ആധികാരികമായി പഠനം നടത്തിയ ചാൾസ് പൈങ്ങോട്ട് CMI യുടെ 'തിരുനാളുകൾ' എന്ന പുസ്തകത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തുന്നു. "പൗരസ്ത്യ സുറിയാനി സഭയിലും പാശ്ചാത്യ സുറിയാനി സഭകളിലും എക്കാലവും ജൂലൈ 3-ലാണ് തോമ്മാശ്ലീഹായുടെ ഓർമ്മ ആചരിച്ചു പോന്നിരുന്നത്. അതാണ് ശ്ലീഹായുടെ മരണദിവസം എന്നാണ് ഈ സഭകളിലെ ധാരണ. പൗരസ്ത്യസുറിയാനിക്കാരുടെ ഈ ദിവസത്തെ പ്രാർത്ഥനകളിൽ രണ്ടു പ്രാവശ്യം തോമ്മാശ്ലീഹായുടെ വേർപാടിന്റെ ദിവസത്തെപ്പറ്റി പരാമർശമുണ്ട്...."(ചാൾസ് പൈങ്ങോട്ട്, തിരുനാളുകൾ OIRS കോട്ടയം.) മലങ്കരസഭയിൽ നിലവിലിരുന്നതും പൗരസ്ത്യസുറിയാനിക്കാർ ഉപയോഗിച്ചിരുന്നതുമായ ജൂലൈ 3-ന്റെ പ്രാർത്ഥനക്രമങ്ങളിൽ ശ്ലീഹായുടെ പ്രവർത്തനങ്ങളും രക്തസാക്ഷിത്വവും സംബന്ധിച്ചുള്ള സൂചനകളല്ലാതെ അസ്ഥിമാറ്റത്തെപ്പറ്റി സൂചിപ്പിച്ചിട്ടില്ല. ഇത് അഞ്ചാം നൂറ്റാണ്ടിനു മുമ്പു രചിക്കപ്പെട്ടതായാണ് കരുതപ്പെടുന്നത്. (Rev. Romeo Thomas in introduction to V.C.George, Apostalate & Martyrdom of St.Thomas, p.20. Also p.164, 168, 174; റവ. ഡോ. സേവ്യർ കൂടപ്പുഴ, എഡിറ്റർ, തിരുസഭാചരിത്രം, Oriental Institute of Religious Studies, Vadavathoor, Kottayam, 1984 p. 147, 148) ഈ പെരുന്നാളിന്റെ വൈദികരുടെ കാനോനനമസ്കാരത്തിൽ എട്ടു ദിവസത്തെ പ്രാർത്ഥനകൾ ഉണ്ട്. പോർട്ടുഗീസുകാർ തിരുത്താതെ അവശേഷിച്ചതിൽ ഒന്നാകയാൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. (ഫാ.ബർണാഡ്, മാർത്തോമ്മാക്രിസ്ത്യാനികൾ, ഒന്നാം ഭാഗം, പേ.19,20,21,31,139) ഈ പെരുന്നാൾ പേർഷ്യയിൽ ഒരു ദിവസത്തേക്കു മാത്രമേ ഉള്ളു. പേർഷ്യയിൽ ഇതു കടമുള്ള ഒരു ദിവസമല്ല. അന്ത്യോഖ്യൻസഭയ്ക്കും മാറാനായപ്പെരുന്നാളല്ല. മലങ്കരയിൽ ദുക്റാന കടമു

ള്ള ദിവസമാണ്. മദ്ധ്യപൂർവ്വദേശങ്ങളിലേതിനെക്കാൾ പ്രധാന്യത്തോടെ ഇവിടെ ഈ പെരുന്നാൾ ആചരിക്കപ്പെട്ടിരുന്നതുകൊണ്ട് ഇതു പേർഷ്യയിൽ നിന്ന് പകർത്തിയതല്ലെന്ന് പറയാം. (ക്രൈസ്തവവിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ. പേ.113,114)

അന്ത്യോഖ്യൻ സുറിയാനി ആരാധനക്രമത്തിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ ഒർമ്മയുടേതു കഴിഞ്ഞ് മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനയുടെ ക്രമം പെങ്കീസായിൽ ചേർത്തിരിക്കുന്നു. പെരുന്നാൾ ഡിസമ്പറിലെങ്കിൽ യൗസേപ്പിന്റെ വെളിപാടിനു ശേഷം ആണല്ലോ അതു വരേണ്ടത്. ദുക്റോനോ (ഒർമ്മ) നടത്തുന്നതു ജൂലൈ 3-ന് എന്ന് തന്നെ അതിൽ കാണാം.(പെങ്കീസ, വാല്യം 1, യൂലിയോസ് പ്രസ്സ്, പാമ്പാക്കുട, 1963 നോക്കുക.)

പോർച്ചുഗീസുകാരുടെ ഇടപെടൽ

ഡിസംബർ 21-ന് മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ ആഘോഷിച്ചു തുടങ്ങുന്നത് പോർച്ചുഗീസുകാരുടെ വരവിനു ശേഷമാണ്. ആചരിക്കേണ്ട പെരുന്നാളുകളെപ്പറ്റി ഉദയംപേരൂർ സുന്നഹദോസ് ചെയ്ത തീരുമാനങ്ങളിൽ മാർത്തോമ്മാശ്ലീഹായെ സംബന്ധിക്കുന്നവ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു.

In July, ... the third being the feast of the glorious Apostle St.Thomas, which by some is said to be the day of his translation, by others of his arrival in these parts, and which has by ancient custom been still kept in this bishoprick; ...

In December, ... the eighteenth being the day whereon the Holy Cross of the Apostle St.Thomas did swept: The twenty-first being the feast of the same holy apostle St.Thomas ... (Scaria Zacharia, The Acts and Decrees of the Synod of Diamper. p.185)

ഇതിൽ നിന്ന് പുരാതനപാരമ്പര്യം അനുസരിച്ച് തോമ്മാശ്ലീഹായുടെ പെരുന്നാൾ ജൂലൈ 3-നായിരുന്നുവെന്നും പോർട്ടുഗീസുകാരുടെ സ്വാധീനത്താൽ ഡിസംബർ 21-ലേക്കു മാറുകയായിരുന്നുവെന്നും വ്യക്തം. പോർച്ചുഗീസ് മിഷനറിമാർ തങ്ങളുടെ പെരുന്നാൾ ആചരണതീയതിയുമായി പൊരുത്തപ്പെടുത്തുവാൻ 1547-1566 കാലത്ത് ഡിസംബർ 18 മുതൽ 21 വരെ തീയതികളിൽ മൈലാപ്പൂരിലെ കുരിശിൽ അത്ഭുതകരമായി രക്തം വിയർക്കുന്നുവെന്ന പ്രചാരണത്തോടെ കുരിശുവിയർത്ത പെരുന്നാൾ പ്രഖ്യാപിച്ചതിനെ തുടർന്നാണ് ഇന്നത്തെ ഡിസംബർ 18, 21 തീയതികളിലെ പെരുന്നാൾ നടപ്പിലായത്. (Dr.Thomas Anikuzhikattil 'The Feast of Dukhrana') ദുക്റാന, 1981 ജൂലൈ, നവമ്പർ, ഡിസമ്പർ.) ധനു 18 ശ്ലീഹാ കുന്തമേറ്റതിന്റെ ഓർമ്മയാണെന്നതിനു റോമൻ സഭയ്ക്കു പോലും പാരമ്പര്യമില്ല. ഡിസംബർ 18 കുരിശു വിയർത്ത പെരുന്നാളാണെന്ന് ഫാ. പ്ലാസിഡ് പറഞ്ഞിട്ടുണ്ട്. (കേരളത്തിലെ മാർത്തോമ്മാ ക്രിസ്ത്യാനികൾ. പേ.294) കുരിശു വിയർക്കും മുമ്പ് ആ തീയതിയ്ക്ക് ഒരു പെരുന്നാൾ ഉണ്ടായിരുന്നെങ്കിൽ ആചരിക്കണമെന്ന് നിർദ്ദേശിച്ച് കല്പന പുറപ്പെടുവിക്കയില്ലായിരുന്നു. മലങ്കരസഭയിലെ പുരാതന പെരുന്നാൾ പട്ടികകളിൽ ധനു 18 മൈലാപ്പൂർകുരിശിന്റെ വിയർപ്പുതിരുനാൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് (പിറവം, മുളന്തുരുത്തി); കുന്തമേറ്റത് എന്നല്ല.

എന്നാൽ ഇവിടെ ജൂലൈ 3 ആചരിക്കുന്നത് ശ്ലീഹായുടെ മരണവാർഷികമെന്ന നിലയ്ക്കല്ല, ശ്ലീഹാ മലബാറിൽ വന്നത് അനുസ്മരിച്ചാണെന്ന് പോർട്ടുഗീസുകാരൻ ഗുവയ പറഞ്ഞിട്ടുണ്ട്. (ജോർജ്ജു വറുഗീസ്, മദ്രാസ്, മലങ്കര സഭ 1984 ജൂൺ) മലബാർ പാരമ്പര്യത്തിനു് ഗുവയ ഒരു കാരണം കണ്ടെത്തേണ്ടിവന്നത് അദ്ദേഹത്തിന്റെ സഭ ഡിസമ്പർ 21-ന് മരണവാർഷികം ആചരിക്കുന്നതാണു ശരി എന്ന ബോദ്ധ്യത്തിലാകണം. റോമൻ മാർട്ടിയോളജിയിൽ ജൂലൈ 3 അസ്ഥിമാറ്റത്തീയതിയായി പറഞ്ഞിരിക്കേ അദ്ദേഹം ഇപ്രകാരം പറഞ്ഞതെന്തുകൊണ്ട് എന്ന ചോദ്യമുണ്ട്. ഇക്കാര്യത്തിൽ ഗുവയെപ്പോലെ മറ്റാരും പറയുന്നില്ല. കോട്ടയം സീരി സുറിയാനി ഗവേഷണകേന്ദ്രത്തിലെ സൂക്ഷിച്ചിരിക്കുന്ന തൊഴിയൂർസഭയുടെ കാനോനിക നമസ്കാരപ്പുസ്തകത്തിൽ (കൈയെഴുത്ത്) ഉള്ള പഞ്ചാംഗത്തിൽ ജൂലൈ 3 മാർത്തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനതിരുനാൾ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത് പോർട്ടുഗീസ് സ്വാധീനം വരുത്തിയ ധാരണപ്പിശകിന്റെയും കുഴച്ചിലിന്റെയും തെളിവാണ്.

ജൂലൈ 3 ശ്ലീഹായുടെ തിരുശേഷിപ്പ് ഉറഹായിലേക്ക് കൊണ്ടുപോയതിന്റെ ഓർമ്മയോ?

ജൂലൈ 3 ശ്ലീഹായുടെ തിരുശേഷിപ്പ് ഉറഹായിലേക്ക് കൊണ്ടുപോയതിന്റെ അനുസ്മരണമാണെന്ന് ഒരു വാദവും നിലവിലുണ്ട്. പോർട്ടുഗീസുകർ ദുക്റാന പെരുന്നാളിന് നൽകിയ വ്യാഖ്യാനം മാത്രമാണത്. മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ ഉറഹായിൽ കൊണ്ടുപോയി പ്രതിഷ്ഠിച്ചത് ജൂലൈ 3-നാണെന്നതിന് തെളിവുകളില്ല.

തിരുശേഷിപ്പുകൾ മാറ്റപ്പെട്ട ഉറഹാ (എഡേസാ) യുടെ നളാഗമമാണ് (Chronicon Edessenum XXXVIII) തീയതി രേഖപ്പെടുത്തിയിട്ടുള്ള എറ്റവും പഴയ രേഖ. അസ്സേമാനി 'ബിബ്ലിയേത്തോക്കാ ഒരിയന്താളിസിൽ' ഇത് ഉദ്ധരിക്കുന്നു. പൗളിനോസ് രേഖ: 'യവനരുടെ 705-ാം വത്സരത്തിൽ (അതു ക്രിസ്തുവർഷം 394 ആകുന്നു) ആഗസ്റ്റ് മാസം 22 ന് .... മാർത്തോമ്മാശ്ലീഹായുടെ പേടകം അദ്ദേഹത്തിനു പ്രതിഷ്ഠിക്കപ്പെട്ട വലിയപള്ളിയിലേക്ക് അവർ കൊണ്ടുവന്നു.'

മിഖായേൽ റാബോ, ബാർ എബ്രായ എന്നീ സുറിയാനി സഭാചരിത്രകാരന്മാരും, തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലും (വാല്യം 1 പേ.465, 655, 656) പല മലയാള സഭാചരിത്രഗ്രന്ഥങ്ങളും (നെടുന്തള്ളിൽ ഗീവറുഗീസ് കത്തനാർ, മലങ്കര സഭയും വി. തോമ്മസ് അപ്പസ്തോലനും 1949. പേ.56, 81, Quote. History of Syrian Church Vol.I p.165) ഇത് ഉദ്ധരിക്കുന്നുണ്ട്. ഇതനുസരിച്ച് അസ്ഥികൾ കൊണ്ടുപോയി സ്ഥാപിച്ചത് 394-ൽ ആണെന്ന് പറയുകയും ചെയ്യുന്നു.

എഡേസ്സൻനളാഗമത്തിലെ മേൽപ്രസ്താവന തിരുശേഷിപ്പ് ഇൻഡ്യയിൽ നിന്ന് കൊണ്ടുപോയ ഉടനെ പ്രതിഷ്ഠിച്ചതിനെപ്പറ്റി അല്ലെന്ന് മാർ അപ്രേമിന്റെ ഗാനംകൊണ്ടുതന്നെ അറിയാം. അദ്ദേഹത്തിന്റെ മരണത്തിനും മുമ്പ് (373) അസ്ഥികൾ അവിടെ ഉണ്ടല്ലോ. ഇതിൽ പറയുന്ന തീയതി ജൂലൈ 3 അല്ല, ആഗസ്റ്റ് 22 ആണുതാനും.

മാർ അപ്രേമിന്റെ ഗീതത്തിലുള്ള ഒരു ഭാഗമാണ് പലരും മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പുകൾ എഡേസ്സായിലേക്കു മാറ്റി സ്ഥാപിച്ചതിനു തെളിവായി കാണിക്കുന്നത്. എന്നാൽ തീയതി അദ്ദേഹം രേഖപ്പെടുത്തിയിട്ടില്ല. A pontiff assigns thee a feast എന്ന് പരിഭാഷയുള്ള ഭാഗമാണ് ആധാരം. മൂലകൃതി സുറിയാനിയാണല്ലോ. 'കഹനാ അവദ് സൗഹാ' എന്നാണ് മൂലത്തിൽ. സൗഹാ എന്നതിന് ആഘോഷം, ആഘോഷത്തോടെയുള്ള പരിയാത്ര എന്നെല്ലാമേ അർത്ഥമുള്ളു. പെരുന്നാൾ എന്ന വാർഷികാഘോഷത്തിന് ഏദാ, അദ് ഏദാ, ദുക്റാന എന്നെല്ലാമേ വരൂ; സൗഹാ തൽക്കാലാഘോഷം മാത്രമാണ് എന്നെല്ലാം വാദമുണ്ട്. (ജോസഫ് കൂർമ്മാങ്കൻ, തെക്കുംഭാഗരും വടക്കുംഭാഗരും, സി.കെ.എം.പ്രസ്, ആലപ്പുഴ, പേ.326) മാർ അപ്രേമിന്റെ ഗാനത്തിൽ തോമാശ്ലീഹായുടെ പെരുന്നാൾ ഇൻഡ്യയിലും എഡേസ്സയിലും ആഘോഷിക്കപ്പെടുന്നതായി വിവരിക്കുന്നുണ്ട്. (ഫാ. ബർണാഡ്, മാർത്തോമ്മാക്രിസ്ത്യാനികൾ ഒന്നാം ഭാഗം. പേ.141)

തോമായുടെ നടപടികൾ എന്ന ഗ്രന്ഥം

Acta Thoma ('തോമായുടെ നടപടികൾ')-യുടെ രചനയ്ക്ക് 75 വർഷം മുമ്പെങ്കിലും അസ്ഥിമാറ്റം നടന്നുവെന്നും അപ്രേമിന്റെ ജീവിതകാലത്ത് അസ്ഥികൾ എഡേസായിൽ ഉണ്ടെന്നും A.C.പെരുമാലിൽ സമർത്ഥിക്കുന്നു. (Apostle in India p. 91, 92) അസ്ഥിമാറ്റം 233-ൽ നടന്നതായി പൗളിനോസ് 'ഇൻഡ്യാ ഒരിയന്താളിസ് ക്രിസ്ത്യാന'യിൽ പറയുന്നു. (Z.M. പാറേട്ട് മലങ്കര നസ്രാണികൾ വാല്യം I പേ.417) 165-ലാണ് കൊണ്ടുപോയതെന്ന് J.N. ഫാർകർ സമർത്ഥിച്ചിരിക്കുന്നു. (The Apostal Thomas in India p.65) അസ്ഥിമാറ്റം 'തോമായുടെ നടപടികൾ' എന്ന ഗ്രന്ഥത്തിന്റെ രചനയ്ക്കു കാരണമായി എന്ന് കത്തോലിക്കാ എൻസൈക്ലോപീഡിയ (Vol.V) അഭിപ്രായപ്പെടുന്നു. 'നടപടികൾ' 180-നും 230-നും ഇടയ്ക്ക് രചിക്കപ്പെട്ടുവെന്ന് റവ. ഫാ.ഡോ. വി.സി.ശമുവേൽ പറയുന്നുണ്ട്. (സഭ വളരുന്നു. പേ.11) നടപടികളിലാണ് അസ്ഥിമാറ്റം നടന്നതായുള്ള ആദ്യപരാമർശം. അപ്പോൾ 394-ൽ നടന്നത് അസ്ഥിമാറ്റമല്ല, പുനഃപ്രതിഷ്ഠ മാത്രമാണ്.

തിരുശേഷിപ്പുമാറ്റത്തെ സംബന്ധിച്ചും മാർത്തോമ്മായുടെ പെരുന്നാളിനെ സംബന്ധിച്ചും പാശ്ചാത്യസഭാപിതാവായ ടൂറിനിലെ ഗ്രിഗറി (+593) 'രക്തസാക്ഷിമഹത്ത്വം' എന്ന ഗ്രന്ഥത്തിൽ തിയഡോർ എന്ന സഞ്ചാരിയെ ഉദ്ധരിച്ച് രേഖപ്പെടുത്തുന്നുണ്ട്. ഇൻഡ്യയിൽ അസ്ഥികൾ മാറ്റപ്പെടുന്നതിനു മുമ്പ് അതു സ്ഥിതിചെയ്തിരുന്ന സ്ഥലത്ത് ഒരു സന്യാസാശ്രമം ഉണ്ടായിരുന്നതായും അവിടെ അഞ്ചാം മാസത്തിൽ തോമ്മാശ്ലീഹായുടെ പെരുന്നാൾ കൊണ്ടാ

ടുന്നതായും എന്ന് അദ്ദേഹം പറയുന്നു. (Fr. Placid, South Indian Apostate of St.Thomas OCP Vol.16 Rome.) അഞ്ചാം മാസം എന്നത് നമ്മുടെ ജൂലൈ ആകുന്നു. (Z.M. പാറേട്ട്, മലങ്കരനസ്രാണികൾ Vol.1) മാർച്ച് 25-ന് ആയിരുന്നു ടൂറിൻ ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പുതുവത്സരദിനം. (വർഗ്ഗീസ് ജോൺ തോട്ടപ്പുഴ, 'ക്രിസ്ത്വബ്ദം ഒരാമുഖം')

ധനു 18-ന് മൈലാപ്പൂരിലെ ആദമ്പമലയിലെ (സെന്റ് തോമസ് മൗണ്ട്) കുരിശു വിയർത്തതായി പറയുകയും ആ തീയതിക്ക് ശ്ലീഹാ കുന്തമേറ്റതുകൊണ്ടാണ് കുരിശ് രക്തം വിയർത്തതെന്ന് ഒരു കഥ പ്രചരിപ്പിക്കുകയും ചെയ്ത് തങ്ങളുടെ സഭയുടെ ഓർമ്മപ്പെരുന്നാൾ തീയതിയെ റോമൻ മിഷനറിമാർ ബലപ്പെടുത്തി. എന്നാൽ ആരംഭസമയത്ത് കുന്തമേറ്റ പെരുന്നാൾ എന്നല്ല, കുരിശുവിയർത്ത പെരുന്നാൾ എന്നാണ് അവർ പറഞ്ഞിരുന്നത്.

ശരിയായ ചരമതീയതി തങ്ങൾ ആഘോഷിക്കുന്ന ഡിസം. 21 ആണെന്ന് കരുതിയ അക്കൂട്ടർ ജൂലൈ മൂന്ന് പെരുന്നാളിനെ അസ്ഥിമാറ്റവുമായി ബന്ധപ്പെടുത്തി. മൈലാപ്പൂരിലെ ആദമ്പ മലയിൽ കുരിശിൽ രക്തം വിയർത്ത കഥ പ്രചരിപ്പിച്ച് ഡിസ. 18 കുരിശു വിയർത്ത തിരുനാളായി റോമൻ സഭാധികാരികൾ കൊണ്ടുവന്നതായി രേഖകളുണ്ട്.

പക്ഷെ അക്കാലത്ത് ഈ സഭ അതിനെ എങ്ങനെ കണ്ടുവെന്നതിന് പിറവം കലണ്ടർ (പെരുന്നാൾ പട്ടിക) സാക്ഷ്യം നൽകും.

'കർക്ക. 3 മാർത്തൊാമ്മാ ശ്ലീഹായുടെ പെരുന്നാൾ' എന്നും, 'ധനു 18 ആദമ്പമലയിൽ സ്ലീബാ കണ്ടെത്തിയ പെരുന്നാൾ' എന്നും 'ധനു 21 ഉറഹായുടെ പള്ളിയിൽ മാർതൊമ്മാ ശ്ലീഹാ കബറടങ്ങിയ ഗോഷിപ്പിനുടെ പെരുന്നാൾ' എന്നുമാണ് അതിൽ കാണുന്നത്. അസ്ഥിമാറ്റകഥയുടെ സൂചനയുള്ള ഉറഹാ പള്ളിയിലെ പെരുന്നാൾ റോമൻ പെരുന്നാളായ ധനു 21-ന് ചാർത്തിയിരിക്കുന്നു. (ധനു പെരുന്നാൾ ഇതിൽ കടന്നുകൂടിയത് റോമൻ സ്വാധീനകാലത്ത് എഴുതപ്പെട്ടതുകൊണ്ടാണ്.)

ഉറഹാ പള്ളിയിൽ മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ കൊണ്ടാടിയതിനെപ്പറ്റിയുള്ള ഒരു രേഖയുടെ വ്യാഖ്യാനം ഒട്ടേറെ തെറ്റുധാരണയ്ക്ക് ഇടയാക്കിയിട്ടുണ്ട്. തോമാ ശ്ലീഹായുടെ കാര്യം നന്നായി അറിയാവുന്ന ഉറഹാക്കാർ ജൂലൈ 3-ന് പുതിയ പെരുന്നാൾ കൊണ്ടാടിയെങ്കിൽ അവിടെ പൂർവ്വികമായ പെരുന്നാൾ എന്നായിരുന്നു? ഇവിടെ പറയുന്നതുപോലെ അവിടെ രണ്ടു പെരുന്നാൾ കൊണ്ടാടിയിരുന്നോ, ഡിസം. 21-നും ജൂലൈ 3 -നും എന്നൊന്നും ആരും തിരക്കുന്നില്ല.

ഓർമ്മപ്പെരുന്നാളിന്റെ തീയതിമാറ്റം

ചിലർ ധനു 18 ന് നോമ്പാചരിച്ച് 21 ന് സമാപിക്കുന്ന പാരമ്പര്യത്തെക്കുറിച്ച് പറയാറുണ്ട്. ധനു 1 മുതൽ 25 വരെയുള്ള യൽദോ നോമ്പാചരണത്തിന്റെ കാര്യം മറന്നാണോ ഇങ്ങനെയൊക്കെ പറയുന്നത്? യൽദോ നോമ്പിൽ ഇപ്രകാരം ഒരു പെരുന്നാൾ 1900 നൊക്കെ മുമ്പ് മലങ്കരയിലെ പള്ളികളിൽ വ്യാപകമായി കൊണ്ടാടിയിരുന്നതായി എതെങ്കിലും പള്ളിചരിത്രമോ പെരുന്നാൾ പട്ടികകളോ ഇതര രേഖകളോ (റോമൻ രേഖകളും അതിന്റെ കോപ്പിയടികളും ഒഴികെ) കാണിക്കാനുണ്ടോ?

1064 /1889 ധനു 21 ലെ കോനാട്ട് മാത്തൻ മല്പാന്റെ ഡയറിയിൽ മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ സംബന്ധിച്ച് എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: 'ഈ പെരുന്നാൾ ശീമകളിൽ ഇല്ല. അവർക്ക് വിവരമില്ലാഞ്ഞിട്ട് ഈ പെരുന്നാൾ ആചരിക്കാത്തതാണെന്നും അതിനാൽ നാം ആചരിക്കണമെന്നും ഒരു പഴയ 'കവിഥ' അതിനു സാക്ഷിയുണ്ടെന്നും കൊച്ചപ്പൻ മാർ യൂലിയോസ് മെത്രാപ്പോലീത്താ കല്പിച്ചു. ഇപ്രകാരം എന്നെ ചൊല്ലി കേൾപ്പിച്ചു. ('ധനു മാസം പതിനെട്ടിൽ ചതിവാലെ കുന്തമേറ്റു; കിടന്നു മൂന്നു ദിനം മരിച്ചങ്ങിരുപത്തൊന്നിൽ'.) ഈ പെരുന്നാൾ ശരിയായി ആചരിക്കണമെന്ന് ഞാനും വിചാരിക്കുന്നു.'

മേൽക്കാണിച്ചിരിക്കുന്നതിൽ പ്രധാനകാര്യം 19-ാം നൂറ്റാണ്ട് ഒടുവിൽ പോലും സുറിയാനിസഭയിൽ ധനു / ഡിസം. 21 പെരുന്നാൾ നടപ്പിലില്ലെന്നതാണ്. 1900-നു മുമ്പ് ഏതെങ്കിലും പഴയ സുറിയാനിപ്പള്ളികളിൽ ജൂലൈ 3 അല്ലാതെ, മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചുവന്നതായി ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ചില റോമൻപ്രചാരണങ്ങളെ വിശ്വസിച്ച് (കോനാട്ടു മല്പാൻ കണ്ടെത്തിയപോലെയുള്ളവ) ഈ സഭയിൽ അവിടവിടെ ധനു 21 പെരുന്നാൾ ആചരിച്ചുതുടങ്ങി. അതും 1952-ലെ തോമാശ്ലീഹാ ജൂബിലിയാഘോഷങ്ങളെ തുടർന്നാണ് കാര്യമായി വേരു പിടിച്ചത്. മാർ തോമ്മാശ്ലീഹായുടെ നാമത്തിലുള്ള മുളന്തുരുത്തിപ്പള്ളിയിലെ പെരുന്നാളിന് അക്കാരണത്താൽ ജൂബിലിപ്പെരുന്നാളെന്നാണ് പറയുന്നത്.



തെറ്റിദ്ധാരണ പരക്കുന്നു

ഇതു സംബന്ധിച്ച് നമ്മുടെ തെറ്റായ ധാരണയുടെ മാതൃകയായി രണ്ടു വിജ്ഞാനകോശങ്ങളിൽനിന്ന് ഉദ്ധരിക്കട്ടെ: 1. മാർത്തോമ്മാശ്ലീഹാ: ... 4-ാം നൂറ്റാണ്ടിൽ ഭൗതികാവശിഷ്ടം എഡേസയിലേക്ക് കൊണ്ടുപോയത്രേ. പുതുഞായറാഴ്ചയും ഡിസം. 18, 21-നും ജൂലൈ 3-നും അദ്ദേഹത്തിന്റെ ഓർമ്മപ്പെരുന്നാൾ നടത്തുന്നു. രണ്ടാമത്തേത് രക്തസാക്ഷിത്വമരണം. മൂന്നാമത്തേത് എഡേസായിലേക്ക് തിരുശേഷിപ്പുകൾ കൊണ്ടുപോയ ദുക്റോനോ. (സഭാചരിത്രവിജ്ഞാനകോശം, കോട്ടയ്ക്കൽ പബ്ലീഷേഴ്സ്. പേ. 409, 620) 2. ദുക്റോനോ: ... മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പ് മൈലാപ്പൂരിൽ നിന്ന് ഉറഹായിലേക്ക് കൊണ്ടുപോയതിന്റെ അനുസ്മരണം മലങ്കരസഭയിൽ ആചരിക്കുന്നത് ജൂലായ് 3-നാണ്. (മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാനകോശം, പേ. 404)

കേരളപാരമ്പര്യം

കേരളത്തിലെ പാരമ്പര്യങ്ങളും രേഖകളും നോക്കാം. റമ്പാൻപാട്ടിൽ 'എഴുപത്തിരണ്ടാം കർക്കടകത്തിൽ ... കാലം ചെയ്തിതു മാർത്തോമ്മാ' എന്ന് കാണാം. കേരളപ്പഴമ 'കർക്കടകം മൂന്നാം തീയതി മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളാകുന്നു' എന്ന് പറയുന്നു. (പേ. 39)

വത്തിക്കാൻ സിറിയക് കോഡക്സ് 22-ൽ കർക്കടകം മൂന്നിന് മാർത്തോമ്മാശ്ലീഹായുടെ ദുക്റാന ആചരിക്കുന്ന കാര്യം പറയുന്നു. 1500-ൽ കബ്രാളിനോടൊപ്പം യൂറോപ്പിനു പോയ ഇൻഡ്യാക്കാരൻ ജോസഫ് കത്തനാർ ഇവിടെ

കർക്കടകം 3-ന് ദുക്റാന ആചരിക്കുന്നതായി പറഞ്ഞു. 1504-ൽ മാർ യാക്കോബ് എഴുതിയ പഞ്ചാംഗത്തിലും ഇക്കാര്യം പറയുന്നു. (ക്രൈസ്തവ വിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, പേ. 114) 16-ാം നൂറ്റാണ്ടിൽ ശ്ലീഹായുടെ ചരമവാർഷികാചരണത്തിന് നസ്രാണികൾ പറവൂരുനിന്ന് കൊടുങ്ങല്ലൂരേക്ക് തീർത്ഥയാത്ര നടത്തുമ്പോൾ പഴയ ചില പാട്ടുകൾ പാടിയ കാര്യം പോർട്ടുഗീസ് രേഖകളിലുണ്ട്. (V.C.George, Apostalate & Martyrdom of St.Thomas, p.20.)

1751-ൽ ഇവിടെ വന്ന മഫ്രിയാന മാർ ബസേലിയോസിന്റെ കത്തിൽ 'കർക്ക. 3-ാം തീയതി മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ ദിവസം കമ്പനി വക ആളുകളോടും പട്ടാളക്കാരോടും ഹെസക്കിയേൽ എന്ന യൂദനോടും കൂടി കൊച്ചി രാജാവിനെ കാണ്മാൻ ഞങ്ങളെ അയച്ചു' എന്ന് കാണുന്നു. (ഇ.എം. പീലിപ്പോസ്, മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, പേ. 166)

ഇടവകപത്രികയുടെ ലക്കങ്ങളിലൂടെ കണ്ണോടിച്ചാൽ അക്കാലത്ത് മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ കർക്ക. 3-ന് മാത്രമേ കണ്ടെത്താനാകൂ. എന്നാൽ പിൽക്കാലത്ത് സഭ വക പഞ്ചാംഗങ്ങളിലും മറ്റും തീയതിയും വിവരണങ്ങളും മാറി മാറി വരുകയുണ്ടായി. ഇന്നും തുടരുന്നുമുണ്ട്. ഇപ്പോൾ വേദവായനക്കുറിപ്പിലേക്കും അതു പകർന്നിരിക്കുന്നു. അവയുടെ ചുമതലകളിൽ വരുന്നവർ അബദ്ധചരിത്രങ്ങൾ മുൻപിൻ നോക്കാതെ ഏറ്റുപാടുന്നതുകൊണ്ടാണ് ഇങ്ങനെ വരുന്നത്. അന്വേഷണങ്ങൾക്കു മുതിരാതെ പഴയ ചരിത്രപുസ്തകങ്ങളിലെ അബദ്ധങ്ങൾ അപ്പാടെ വിഴുങ്ങുന്നതുകൊണ്ടുള്ള കുഴപ്പമാണത്.

മാർത്തോമ്മാശ്ലീഹാ ഡിസംബർ 21-ന് രക്തസാക്ഷിയായെന്നും തിരുശേഷിപ്പ് ജൂലൈ 3-ന് എഡേസായിലേക്കു മാറ്റപ്പെട്ടുവെന്നും നാം വിശ്വസിക്കുന്നു എന്നും രേഖകളും പകർപ്പും നോക്കി വിശകലനം ചെയ്യേണ്ടതില്ല; വിശ്വാസവും പാരമ്പര്യവും ഒക്കെയാണ് പ്രസക്തമായതെന്നും അത് മനസ്സിലുറച്ചതും നിഷ്കളങ്കവും ചോദ്യം ചെയ്യാനാകാത്തതുമായ അനുഭവമാണ് എന്നും ഇന്നും ചിലർ സൂചിപ്പിക്കുന്നു.

ചരിത്രം വിശ്വാസകാര്യമല്ല

ചരിത്രം എന്നത് എതാനുമാളുകളുടെ വിശ്വാസത്തിന്റെ കാര്യമല്ല. വിശ്വാസം ചരിത്രമായി തെറ്റിദ്ധരിക്കപ്പെടുന്ന ദയനീയത കേരളക്രിസ്ത്യാനികളുടെ ദുര്യോഗമായി തോന്നുന്നു. പരശുരാമൻ മഴുവെറിഞ്ഞാണ് കേരളമുണ്ടായതെന്ന് വിശ്വസിക്കുന്ന ഒട്ടനവധി ശുദ്ധാത്മാക്കളുണ്ട്. മാർത്തോമ്മാശ്ലീഹാ നമ്പൂതിരിമാരെ മാനസ്സാന്തരപ്പെടുത്തിയെന്നത് വിശ്വാസസത്യമായി വീക്ഷിക്കുന്നവരുണ്ട്. കേരളസഭ ആദി മുതലേ റോമാപാപ്പായുടെ കൈക്കീഴായിരുന്നുവെന്ന് കരുതുന്നവരുണ്ട്. ക്നായിത്തൊമ്മൻ എന്ന മഹാത്മാവു വന്നാണ് കേരളസഭയ്ക്ക് അന്ത്യോക്യാപാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരം പട്ടത്വകൈവെപ്പും മറ്റും നേരെയാക്കിയതെന്ന് വിശ്വാസമായി ഏറ്റുപറയുന്ന വലിയൊരു കൂട്ടമുണ്ട്. പറങ്കികൾ കൊച്ചിക്കടലിൽ അന്ത്യോഖ്യായിലെ പാത്രിയർക്കീസിനെയാണ് കൊട്ടിത്താഴ്ത്തിക്കൊന്നത് വിശ്വസിക്കുന്നവരുമുണ്ട്. അന്ത്യോഖ്യായിലെ പാത്രിയർക്കീസിന്റെ കോളനിയും അടിമയുമായി മലങ്കരസഭ നിലനില്ക്കണമെന്നത് വിശ്വാസസത്യമായി അംഗീകരിക്കപ്പെടുന്നതിന് കാലാകാലങ്ങളായി വ്യവഹാരം തുടരുന്നവരുണ്ട്. അങ്ങനെയുള്ള വിശ്വാസങ്ങൾ സ്ഥാപിക്കുവാനുതകുന്ന ചരിത്രപുസ്തകപരാമർശങ്ങൾ മാത്രം കണ്ടെത്തി ഉദ്ധരിച്ച് സ്ഥാപിക്കുവാൻ പരിശ്രമിക്കുന്നുമുണ്ട്. കേരളത്തിലെ ഒരു ചരിത്രപണ്ഡിതൻ തോമാശ്ലീഹാ കേരളത്തിൽ വന്നുവെന്നത് കള്ളക്കഥയാണെന്ന് എഴുതിയത് വിശ്വാസവും ചരിത്രവും അശാസ്ത്രീയമായി കൂട്ടിച്ചേർത്തതു കണ്ടിട്ടാവാം.

വി.ദൈവമാതാവിന്റെ നാമത്തിൽ വർഷത്തിൽ പല പ്രാവശ്യം പെരുന്നാളുകൾ ആചരിക്കുന്നു. ഇതു പോലെ ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച വി.മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളുകൾ ആണ്ടിൽ പല പ്രാവശ്യം ആചരിക്കുന്നതു നല്ലതാണ്. എന്നാൽ പുരാതനമായി ആചരിച്ചുവന്നിരുന്ന ശ്ലീഹായുടെ പെരുന്നാളിനെ കരിദിനമെന്നും ആഘോഷയോഗ്യമല്ലെന്നുമൊക്കെ വാദിക്കുന്നത് ചരിത്രപരമായി നിലനിൽക്കുകയില്ല. ആദികാലം മുതൽ ആചരിച്ചുവരുന്ന ശ്ലീഹായുടെ രക്തസാക്ഷിത്വ അനുസ്മരണത്തിന്റെ പാരമ്പര്യം ഉപേക്ഷിക്കാതിരിക്കുന്നതാണു നല്ലത്.

കേരളത്തിലെ റോമൻ കത്തോലിക്കർ ഇപ്പോൾ ജൂലൈ 3-നാണ് ശ്ലീഹായുടെ ഓർമ്മ ആഘോഷിക്കുന്നത്. റോമിൽ ആദ്യകാലത്ത് അങ്ങനെതന്നെ ആയിരുന്നു. ഇടക്കാലത്ത് അവർക്കുണ്ടായ തീയതിപ്പിണക്കം അവർ 1972-ൽ തിരുത്തി. മഴ തീർന്നു. പക്ഷെ ഇവിടെ മരം പെയ്തുകൊണ്ടേയിരിക്കുന്നു.

ഇക്കാര്യങ്ങൾ പഠിച്ച പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവ ആണ്ടടക്കമുള്ള ഞായറാഴ്ചകൾക്കും പെരുന്നാളുകൾക്കും തയാറാക്കിയ നടപടിക്രമത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

'മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ (ജൂലൈ -3) പൂർവ്വകാലം മുതൽ മലങ്കരയിൽ ഈ പെരുന്നാൾ കൊണ്ടാടുന്നത് ജൂലൈ 3-നാണ് (കർക്കടകം). ദുക്റോനോ എന്നു പറയുന്നത് സാധാരണ മരണദിന ഓർമ്മയാണ്. എന്നാൽ ആ തീയതി മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ ഉറഹായിലേക്കു കൊണ്ടുപോയി അവിടെ സ്ഥാപിച്ചു പെരുന്നാൾ ആഘോഷിച്ചതാണെന്ന് പറയാറുണ്ട്. അതു തെറ്റും മൗഢ്യവുമാണ്. മരണദിവസമല്ലാതെ മറ്റൊരു ദിവസവും സാധാരണ പെരുന്നാൾ ആയി ആഘോഷിക്കാറില്ല. അതിനാൽ എഡേസായിലും ഇന്ത്യയിലും ഒരേ ദിവസംതന്നെ പെരുന്നാൾ ആഘോഷിച്ചു വന്നിരുന്നുവെന്നും അതു തന്റെ മരണദിവസമായിരുന്നുവെന്നും കരുതാവുന്നതാണ്. എഡേസായിലേക്ക് അസ്ഥികൾ മാറ്റപ്പെട്ട ദിവസം മലങ്കരയിൽ പെരുന്നാളാക്കി എന്നു വിചാരിക്കാവുന്നതല്ല. മലങ്കരക്കാർ അത്ര മഠയരോ? മാർത്തോമ്മാ ശ്ലീഹായുടെ ദുക്റോനോ അതു മലങ്കരയ്ക്കുണ്ടായ വലിയ നഷ്ടമാണല്ലോ. എന്നാൽ ഡിസംബർ 18 മുതൽ 21 വരെ തോമാശ്ലീഹായുടെ സ്മരണ കൊണ്ടാടുന്ന ഒരു പതിവുണ്ട്. 18-നു കുന്തമേറ്റുവെന്നും 21-നു താൻ മരിച്ചുവെന്നും പറയുന്നവരുണ്ട്. അതിനു വേണ്ടി തെളിവുകൾ ഇല്ല. .... (ഡിസം. 18-21 മർത്തോമയെ സ്മരിക്കുന്ന രീതി മലങ്കരയിൽ പുരാതനമല്ല. ഓർത്തഡോക്സ് സഭയിൽ അത് അടുത്ത കാലത്താണ് അത് കലണ്ടറിൽ ഉണ്ടായത്. മലങ്കരയിലെ കത്തോലിക്കാസഭയിൽ ജൂലൈ 3 മരണദിനമായി ആചരിക്കുന്നു. എല്ലാ പൂർവ്വികസഭകളും ആ ദിവസംതന്നെ അങ്ങനെ ആചരിക്കുന്നു.) ... Note: മലങ്കരയിൽ പുരാതനമായി ആഘോഷിച്ചു വന്ന മാർത്തോമ്മ ശ്ലീഹായുടെ ചരമദിനമായ ജൂലൈ 3 (കർക്കിടകം 3) -ന്റെ പ്രാധാന്യം കുറയ്ക്കുന്നതിനു പോർട്ടുഗീസുകാരുടെ വരവിനു ശേഷം അവർ (പോർട്ടുഗീസ് ക്രിസ്ത്യാനികൾ) കെട്ടിച്ചമച്ച കഥയാണ് ജൂലൈ 3-ന്റെ തിരുശേഷിപ്പുകൾ എഡേസ്സായിലേക്കു കൊണ്ടുപോയി സ്ഥാപിച്ച ദിവസമാണെന്നുള്ളത്.'

ഇത് രേഖപ്പെടുത്തിയിരുന്നിട്ടും പ. പിതാവ് കാതോലിക്കായായിരുന്ന കാലഘട്ടത്തിൽ ഈ തെറ്റായ നടപടി തിരുത്തപ്പെട്ടില്ല എന്നത് നിലവിലുള്ള അബദ്ധം തിരുത്തുവാൻ നാം മടിക്കുന്നതിന്റെ ഉത്തമോദാഹരണമാണ്.

സ്വന്തം പിതാവിന്റെ ചാത്തപ്പെരുന്നാൾ തീയതി, എവിടെയോ ഉള്ളവർ, 'കണ്ട നീയല്ല; കേട്ട ഞാൻ' എന്ന മട്ടിൽ പറഞ്ഞതെല്ലാം ഏറ്റുപാടാനേ ഈ 21-ാം നൂറ്റാണ്ടിലും കഴിയുന്നുള്ളല്ലോ എന്നോർത്ത് മലങ്കരസഭയേ, നിനക്ക് ലജ്ജിക്കാം. മാർത്തോമ്മാശ്ലീഹായുടെ ചരമതീയതി വിവിധസഭകളിൽ വ്യത്യസ്തമാണെങ്കിലും, ഇ.എം. ഫിലിപ്പിനെപ്പോലുള്ളവർ ഒരു തീയതിയും സൂചിപ്പിക്കുന്നില്ലെങ്കിലും, മാർ തോമ്മാശ്ലീഹായുടെ യഥാർത്ഥ ചരമദിനം (ദുക്റോനോ) ജൂലൈ 3 ആണെന്നതിൽ സംശയിക്കേണ്ട ഒരു കാര്യവുമില്ല.

ഈ വിഷയത്തെപ്പറ്റി മുമ്പ് വിശദമായി എഴുതിയിരുന്നു. അന്വേഷണതൽപ്പരർക്ക് അവയും http://www.malankaraorthodox.tv/mosc:writers/P.Thomas എന്ന സൈറ്റിൽ ഇതിനെപ്പറ്റിയുള്ള ലേഖനവും, പിറവം പെരുന്നാൾ പട്ടികയുടെ ഒരു പഠനവും നോക്കാം. പ്രകാശം പബ്ലിക്കഷൻസിന്റെ വിജ്ഞാനകോശത്തിൽ പലയിടങ്ങളിലായി വിലപ്പെട്ട വിവരങ്ങൾ കണ്ടെത്താം. ജോസഫ് കൂർമ്മാങ്കന്റെ 'തെക്കും ഭാഗരും വടക്കും ഭാഗരും' എന്ന പുസ്തകത്തിൽ (ശ്രീ. ജോസഫ് ചാഴികാടന്റെ പുസ്തകത്തിന്റെ ഖണ്ഡനം) സുപ്രധാനവിവരങ്ങൾ വർഷങ്ങൾക്ക് മുമ്പേ എഴുതിയിട്ടുണ്ട്. തങ്ങൾ പഠനം തുടങ്ങിയ കാലത്ത് പരിമിതമായ സൗകര്യങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ അവസാനവാക്കാണെന്ന് കരുതിക്കൂടെന്നാണ് ഈയുള്ളവന്റെ പക്ഷം. ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച പിതാവിന്റെ ചാത്തപ്പെരുന്നാൾ, ശ്ലീഹായെ നേരിട്ടറിയാത്തവർ പറഞ്ഞതു കേട്ട് മാറ്റി എന്ന് സമ്മതിക്കുന്നതു തന്നെ വിവരക്കേടാണ്. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം മലങ്കരയിലുറപ്പിച്ചതിന്റെ ശതാബ്ദി കൊണ്ടാടുകയും രക്തസാക്ഷിത്വത്തിന്റെ 1950-ാമാണ്ടു കൊണ്ടാടുവാനുള്ള ഒരുക്കത്തിനുമിടയിൽ യഥാർത്ഥ ചരമദിനത്തിന്റെ കാര്യം ചരിത്രവസ്തുതകളുടെ പിൻബലത്തോടെ ഉറപ്പിക്കേണ്ടത് ഒരു കേവല അക്കാദമികാഭ്യാസമൊന്നുമല്ല.

❑

... കർക്കിടകത്തിൽ തോമ്മായുടെ ഉൽസവം താൻ പ്രധാനം

ഡോ. എം. കുര്യൻ തോമസ്

പ. മാർത്തോമ്മാശ്ലീഹായുടെ ഓർമ്മ ദിവസം ലോകത്തിലെ വിവിധ സഭകൾ വിവിധ ദിനങ്ങളിലാണ് ആഘോഷിക്കുന്നത്. 1969 വരെ റോമൻ കത്തോലിക്കാ സഭ പിന്തുടർന്ന ഒൻപതാം നൂറ്റാണ്ടിലെ സഭാ പഞ്ചാംഗമനുസരിച്ച് ഡിസംബർ 21-ന് ആണ് പ. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ കൊണ്ടാടുന്നത്. ആ വർഷം റോമൻ കത്തോലിക്കാ സഭ, പ. മാർത്തോമ്മാശ്ലീഹായുടെ ദുഃഖറോനോ ജൂലൈ മൂന്നിലേയ്ക്ക് മാറ്റി എങ്കിലും ചർച്ച് ഓഫ് ഇംഗ്ലണ്ടും ആംഗ്ലിക്കൻ കമ്യൂണിയനിലുള്ള ഇതര സഭകളും എപ്പിസ്ക്കോപ്പൽ സഭയും ലൂതറൻ സഭയും ഇന്നും 1662-ലെ *ബുക്ക് ഓഫ് കോമൺ പ്രയർ* അനുസരിച്ച് ഡിസംബർ 21-ന് ആണ് പ. മാർത്തോമ്മാശ്ലീഹായുടെ ഓർമ്മ കൊണ്ടാടുന്നത്.

വി. ജറോമിന്റെ രക്തസാക്ഷിത്വ പട്ടിക (Martyrology) അനുസരിച്ച് ജൂലൈ മൂന്നാണ് പ. മാർത്തോമ്മാശ്ലീഹായുടെ ഓർമ്മ. എന്നാൽ ബൈസന്റൈൻ സഭകളും അവിടുത്തെ റോമൻ കത്തോലിക്കാ റീത്തുകളും ഒക്ടോബർ 6 (ജൂലിയൻ കലണ്ടർ അനുസരിച്ച് ഒക്ടോബർ 19) ആണ് പ. മാർത്തോമ്മാശ്ലീഹായുടെ ഓർമ്മദിനമായി കൊണ്ടാടുന്നത്. അതേസമയം ബൈസന്റൈൻ സഭകളിൽ പുതു ഞായറാഴ്ച *തോമസ് സണ്ടേ* ആയി ആഘോഷിക്കുന്നു. എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് പ. മാർത്തോമ്മാശ്ലീഹാ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ മുമ്പിൽ *മഹാവിശ്വാസ പ്രഖ്യാപനം* നടത്തിയ സംഭവമാണ് അന്ന് അനുസ്മരിക്കുന്നത്.

നസ്രാണികൾക്ക് തങ്ങളെ *ആത്മാവിൽ ജനിപ്പിച്ച പിതാവാണ്* പ. മാർത്തോമ്മാശ്ലീഹാ. മലങ്കരസഭ ഇന്ന് ജൂലൈ 3, ഡിസംബർ 21, പുതുഞായറാഴ്ച എന്നിവ മൂന്നും പ. മാർത്തോമ്മാശ്ലീഹായുടെ ഓർമ്മദിനങ്ങളായി കൊണ്ടാടുന്നു. മലങ്കരയിൽ മാറിമാറി സ്വാധീനം ചെലുത്തിയ വിവിധ ക്രൈസ്തവ പാരമ്പര്യങ്ങളാണ് ഇതിനു കാരണം. എന്നാൽ പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതിനുമുമ്പു മുതൽ കർക്കിടകം മൂന്ന് (പുതിയ കണക്കിന് ജൂലൈ മൂന്ന്) ആയിരുന്നു സുറിയാനിയിൽ ദുഃഖ്റോനോ (ഓർമ്മ) എന്നറിയപ്പെടുന്ന മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ. *തോറോനാ* എന്ന ഗ്രാമ്യപ്രയോഗത്തിലാണ് ഇത് അറിയപ്പെട്ടിരുന്നത്. കർക്കിടകത്തിലെ വെള്ളപ്പൊക്കം വ്യംഗ്യമാക്കി *തോറോനായ്ക്ക് നൂറാന ഒഴുകിപ്പോകും* എന്നും, *തോറോനായ്ക്ക് തോരില്ല* എന്നും പഴഞ്ചൊല്ലുകൾ തന്നെയുണ്ട്. *ഞങ്ങൾക്ക് ഉൽസവങ്ങൾ ഏറെയുണ്ട്. കർക്കിടകത്തിൽ തോമ്മായുടെ ഉൽസവം താൻ പ്രധാനം* എന്ന് പോർട്ടുഗീസുകാരോട് നസ്രാണികൾ പറഞ്ഞതായി ഡോ. ഹെർമ്മൻ ഗുണ്ടർട്ട് രേഖപ്പെടുത്തുന്നു. ഒരു പക്ഷേ ക്രിസ്തുവർഷം 1500-ലെ *ഇന്ത്യാക്കാരൻ ജോസഫിന്റെ* വിവരണങ്ങളെയാകാം ഇതിന് ഡോ. ഗുണ്ടർട്ട് അവലംബിക്കുന്നത്. കലണ്ടർ ഏകീകരണത്തിലാണ് കർക്കിടകം ജൂലൈ ആയി മാറിയത്.

ജൂലൈ 3 ഉറഹായിലേയ്ക്കു പ. മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പു മാറ്റി സ്ഥാപിച്ചതിന്റെ ഓർമ്മയായി ആണ് ഇന്നു പലരും കണക്കാക്കുന്നത്. പക്ഷേ ഉറഹായിലെത്തിച്ച തിരുശേഷിപ്പ് അദ്ദേഹത്തിന്റെ യഥാർത്ഥ രക്തസാക്ഷിത്വ ദിനത്തിൽ അവിടുത്തെ പ്രധാന പള്ളിയിൽ പുനഃസ്ഥാപിച്ചു എന്നു ചിന്തിക്കുന്നതിലും അസാംഗത്യമൊന്നുമില്ല. വർത്തമാനകാല നടപടിയും അപ്രകാരമാണ്.



വീണ്ടുമൊരു തോറാന

ഡെറിൻ രാജു

ഓർമ്മ/അനുസ്മരണം എന്നതിന്റെ സുറിയാനി പദമായ ദുക്റാനാ (പാശ്ചാത്യ സുറിയാനിയിൽ ദുക്റോനൊ) യുടെ മലയാള തദ്ഭവമാണ് തോറാന. ക്രിസ്തുശിഷ്യനായ തോമാശ്ലീഹായെ അനുസ്മരിക്കുന്ന ജൂലൈ 3-ന്റെ ദിവസം. പഴയ സുറിയാനിക്കണക്കിൽ കർക്കിടകം മൂന്ന്.

ഇടിച്ചു കുത്തിപ്പെയ്യുന്ന മഴയാണ് തോറാനക്കാലത്തിന്റെ പ്രത്യേകത. 'തോറാന പെരുമഴ' എന്നും 'തോറാനയ്ക്ക് ആറാന'യെ ഒഴുക്കാൻ തക്ക നീരൊഴുക്ക് നദികളിൽ ഉണ്ടാകുമെന്നുമൊക്കെയുള്ള ശൈലികൾ ആ ഓർമ്മയെ മലയാളത്തോട് ചേർത്തു നിർത്തി. മലയാണ്മയോട് ആ ഓർമ്മ അത്രത്തോളം ഇഴകി ചേർന്നിരുന്നു. തോമായുടെ ഈ ഉത്സവം പ്രധാനമായതെന്നു ഹെർമ്മൻ ഗുണ്ടർട്ട് തന്റെ 'കേരളപഴമ' (1868) യിൽ എഴുതി.

പോർച്ചുഗീസുകാരുടെ വരവിനു മുമ്പ് തോമായുടെ രക്തസാക്ഷിത്വ ദിനമായി നസ്രാണികൾ ആചരിച്ചു വന്നത് കർക്കിടകത്തിലായിരുന്നു എന്നതിനു ധാരാളം തെളിവുകളുണ്ട്. എന്നാൽ പിൽക്കാലത്ത് ഡിസംബർ 21 എന്ന ലത്തീൻ തീയതി മുന്നോട്ട് കയറി വരികയും നസ്രാണികളുടെ പരമ്പരാഗത തീയതിയായ കർക്കിടകത്തിലെ തോറാന ദിനം ഒരസ്ഥിമാറ്റ കഥയിൽ തളച്ചിടുകയും ചെയ്തു. ഉദയംപേരൂർ (1599) സുന്നഹദോസ് മുതൽ ആ ശ്രമം നടന്നിരുന്നു എന്നതിനു തെളിവുകൾ ഉണ്ട്. സുന്നഹദോസ് നിശ്ചയങ്ങളിലും അത് കാണാവുന്നതാണ്.

ജൂലൈ 3 - നസ്രാണിക്കു അവന്റെ അപ്പന്റെ ആണ്ട് ദിനമാണ്. എക്കാലവും നിലനിൽക്കേണ്ടതും അനുസ്മരിക്കേണ്ടതുമായ ഒരു ദിവസം. ബഥാന്യയിലേക്ക് പോകുവാൻ ഭയപ്പെട്ടിരുന്ന തന്റെ സഖാക്കളെ മരിക്കേണ്ടിവന്നാലും തന്റെ ഗുരുവിനൊപ്പം പോകാമെന്ന് പറഞ്ഞ് ധൈര്യപ്പെടുത്തിയവന്റെ ഓർമ്മദിനം. കേട്ടിട്ടും കണ്ടിട്ടുമില്ലാത്ത അജ്ഞാതമായ ഒരു ഭൂപ്രദേശത്തേക്ക് വിശ്വാസം മാത്രം കൈമുതലാക്കി കപ്പൽ കയറിവന്റെ ഓർമ്മദിനം. ഇരുട്ടിൽ പ്രകാശത്തിന്റെ ദീപമവൻ തെളിയിച്ചു എന്ന് ആയിരത്തഞ്ഞൂറ് വർഷം മുമ്പ് ഒരുവൻ രേഖപ്പെടുത്തി. ഇമ്പകരമായ ആ ഓർമ്മയുടെ സൗരഭ്യം നിറയുന്ന പെരുന്നാൾ ദിനം.

തോറാനയ്ക്ക് തോരില്ല എന്ന് പഴമക്കാർ പറഞ്ഞു. മാർത്തോമായുടെ ഓർമ്മകൾ ഒരിക്കലും തോരില്ല. അത് പെയ്തൊഴിയാതെ, നിറഞ്ഞ് തുളുമ്പി അനസ്യൂതം ഒഴുകിക്കൊണ്ടിരിക്കും.

◆

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

വായന

എന്റെ ഓർമ്മയ്ക്കായി...

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

വിശുദ്ധ കുർബ്ബാനയുടെ അർത്ഥവും വ്യാപ്തിയും വേദപുസ്ത അടിസ്ഥാനത്തിലും വേദശാസ്ത്ര വിശകലത്തിലും വിവിധ സഭാ പാരമ്പര്യ അനുഷ്ഠാന പശ്ചാത്തലത്തിലും ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്ന പ്രൗഢ ഗ്രന്ഥമാണ് ഫാ. ഡോ. ജോർജ്ജ് കോശിയുടെ *വിശുദ്ധ കുർബ്ബാന പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിൽ.*

ദൈവ സാന്നിദ്ധ്യത്തിന്റെയും സംസർഗ്ഗത്തിന്റെയും മഹാരഹസ്യമായ വി. കുർബ്ബാനയിൽ അർത്ഥപൂർണ്ണവും സമഗ്രവുമായി താദാമ്യപ്പെട്ട് ജീവിത വിശുദ്ധിയിലേക്ക് അനുദിനം വളരുവാൻ, സഭ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. വി. കുർബ്ബാനയിലെ പ്രബോധന ശുശ്രൂഷയും (Liturgy of the word) അന്നഫൂറായുടെ ക്രമവും (Liturgy of the Bread) വിവിധ ക്രൈസ്തവ സഭാ പാരമ്പര്യത്തിലെ ആരാധനാ ക്രമങ്ങൾ അടിസ്ഥാനമാക്കി വിശകലനം ചെയ്യുന്ന ഈ കൃതി ആരാധനയിലെ ഭക്തിയും കർമ്മവും മർമ്മവും ധർമ്മവും എന്തെന്നു വിശദീകരിക്കുന്നു. പൗരസ്ത്യ സഭാപാരമ്പര്യങ്ങളുടെയും സത്യവിശ്വാസ സംഹിതകളുടെയും അടിസ്ഥാനത്തിൽ ഓർത്തഡോക്സിയുടെ ഉറവയിലേക്കും ഉണ്മയിലേക്കും വിശ്വാസി സമൂഹത്തെ മാതൃകാപരമായി വഴികാട്ടുകയാണ് ലക്ഷ്യം.

കോട്ടയം പഴയസെമിനാരിയിലെ വേദശാസ്ത്ര അഭ്യസനവും ന്യൂയോർക്കിലെ സെന്റ് വ്‌ളാഡിമേഴ്സ് ഓർത്തഡോക്സ് സെമിനാരിയിലെ ഗവേഷണവും ആരാധനാനുഷ്ഠാനങ്ങളിലും വേദശാസ്ത്രത്തിലും അതീവ പാണ്ഡിത്യം നേടിയ പ. മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായിൽ നിന്നും സെക്രട്ടറിയായിരുന്നകാലത്ത് ഗുരുമുഖത്തുനിന്നും ലഭിച്ച വേദജ്ഞാനവും ഈ കൃതിയിൽ ആദിയോടന്തം പ്രകാശം പരത്തുന്നു. വേദപുസ്തകം (Scripture), ആരാധനാ ക്രമങ്ങൾ (Liturgical text), ആരാധനാ വേദശാസ്ത്ര ഗ്രന്ഥങ്ങൾ (Liturgical Theology), ആദിമസഭാ ഗുരുക്കന്മാരുടെ (Early teachers of the faith) എഴുത്തുകൾ (Writings), പ്രബോധനങ്ങൾ (Homilies), ഫാ. അല്ക സാണ്ടർ ഷമേമാൻ, ഫാ. ജോൺ മേയൻഡോഫ് എന്നിവരിൽ നിന്നും ഗുരുമൊഴിയായി ലഭിച്ച ആരാധനാ വേദശാസ്ത്ര ക്ലാസ്സുകളും വി. കുർബ്ബാനയുടെ അർത്ഥപൂർണ്ണമായ ഭാഷ്യരചനയ്ക്ക് മാർഗ്ഗം പകർന്നു. വി. കുർബ്ബാനയെക്കുറിച്ചുള്ള ദീർഘവും ആധികാരികവും പ്രമാണികവുമായ ഈ ഗ്രന്ഥത്തിൽ ആയിരത്തിലധികം പേജുകളിലായി ആരാധനയുടെ അർത്ഥവും സൗന്ദര്യവും വേദശാസ്ത്രവും സഭാശാസ്ത്രവും ഹൃദ്യമായി വിശകലനം ചെയ്തിരിക്കുന്നു.

വി. കുർബ്ബാനയുടെ അർത്ഥം വിശദീകരിച്ച് ആരംഭിക്കുന്ന പ്രഥമ അധ്യായം മുതൽ 16-മത്തെ അധ്യായം വരെ ആരാധനയുടെ അർത്ഥവിജ്ഞാനീയവും അനുഷ്ഠാന രീതികളും വേദശാസ്ത്ര തത്വങ്ങളും സമഗ്രമായി അപഗ്രഥിക്കുന്നു. ആമുഖവും സമാപനവും ഗ്രന്ഥത്തെ അടുത്തറിയുവാനും ഉള്ളടക്ക സംക്ഷിപ്തം തിരിച്ചറിയുവാനും സഹായിക്കുന്നു. *കൂദാശകളുടെ രാജ്ഞിയെന്നും, കൂദാശകളുടെ കൂദാശ* എന്നും അറിയപ്പെടുന്ന വി. കുർബ്ബാനയ്ക്ക് ബലി, അർപ്പണം, സമർപ്പണം, രഹസ്യം എന്നും അന്ത്യഅത്താഴം, തിരുവത്താഴം, അപ്പം നുറുക്കൽ, കർതൃമേശ എന്നും വിവിധ സഭാപാരമ്പര്യത്തിൽ അറിയപ്പെടുന്നു. വി. കുർബ്ബാനാ സംഗമം ഐക്യത്തിന്റെ ഒരുമയാണ്. ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലികവുമായ സഭയുടെ ചെറുപതിപ്പായ ഓരോ ഇടവകയും അർപ്പിക്കുന്ന കുർബ്ബാന അനുഗ്രഹങ്ങളും സമാധാനവും ബലിയും സ്തോത്രവുമാകുന്നു. ക്രിസ്തു ജീവൻ നൽകി സ്ഥാപിച്ച പുതിയ നിയമ ബലി സമൃദ്ധമായ നിത്യജീവൻ പകരുന്ന കൂടിവരവിന്റെ കൂദാശയാണെന്നു ഇതിൽ സമർത്ഥിക്കുന്നു. ആരാധനാ ക്രമത്തിൽ ആവർത്തിച്ചു കേൾക്കുന്ന ആമേൻ, ബാറെക്മോർ, സ്തൗമേൻ കാലോസ്, കുറിയേലായിസോൻ തുടങ്ങിയ പദങ്ങളുടെ സമഗ്രമായ പദവിശകലനം വിവിധ ഭാഷകളുടെയും സംസ്കാരത്തിന്റെയും പശ്ചാത്തലത്തിൽ വിശദീകരിക്കുന്നത് വളരെ വിജ്ഞാനപ്രദമാണ്.



ആരാധനയും അംശവസ്ത്രങ്ങളും എന്ന അദ്ധ്യായത്തിൽ ദൈവമഹത്വത്തിനും അലങ്കാരത്തിനുമായി അതിവിഷ്ടമായ വിശുദ്ധ വസ്ത്രം ഉണ്ടാകണം എന്ന പഴയ നിയമ ബോധ്യത്തിന്റെ അടിത്തറയിൽ വിശകലനം ചെയ്യുന്നു. വിശുദ്ധ വസ്ത്രവും പകിട്ടേറിയ പുറംകുപ്പായവും ആരാധനയെ ഹൃദയവർജ്ജകമാക്കുന്നു. വിശുദ്ധിയോടും ശോഭയോടുമുള്ള ആരാധനയ്ക്ക് ശുശ്രൂഷ കുപ്പായം, ചെരിപ്പ്, ഊറാറ, ഹ്മനീക്കോ, ഇടക്കെട്ട്, കൈയ്യുറകൾ, കാപ്പ, വലിയ ഊറാറ, മസ്നപ്സ-ശീലമുടി എന്നിവ പൗരോഹിത്യ സ്ഥാനക്രമത്തിന് അനുസൃതമായി ഉണ്ടായിരിക്കും. എന്നാൽ അതിരുകവിഞ്ഞ ആഢംബരത്തിന്റെയും ധൂർത്തിന്റെയും പ്രകടനമായി അംശവസ്ത്രങ്ങളെ സമീപിച്ചാൽ അതിന്റെ ലക്ഷ്യവും സാക്ഷ്യവും നഷ്ടപ്പെടും എന്നും ഓർമ്മിപ്പിക്കുന്നു.

വി. കുർബ്ബാനയിലെ പരസ്യ ശുശ്രൂഷയുടെ ആദ്യഭാഗത്ത് (Pre-Anaphora) വിശ്വാസികൾക്ക് ഒപ്പം വിശ്വാസ പഠിതാക്കളും (Catechumens) പങ്കെടുക്കുന്നു. വചന വിഭജനം (Breaking of the Word) അപ്പത്തിന്റെ ക്രമവും (Liturgy of the Bread) വി. കുർബ്ബാനയിലെ അവിഭാജ്യഘടകമാണ്. വചന ശുശ്രൂഷയിൽ ക്രിസ്തു സാന്നിദ്ധ്യവും കുർബ്ബാന അനുഷ്ഠാനത്തിൽ പുരോഹിതനായ ക്രിസ്തു സാന്നിദ്ധ്യവും ഉൾക്കൊള്ളുന്നു. ആരാധനയുടെ കൂടിവരവിൽ വചനവും അപ്പവും ക്രിസ്തു ബന്ധത്തിലേക്ക് നയിക്കുന്നു. ജീവനുള്ള വചനം, ജീവൻ പകരുന്ന അപ്പമായി രൂപാന്തരപ്പെടുന്നു. ക്രിസ്തു ദർശനമാണ് ആരാധനാ സംബന്ധത്തിൽ (commune) നിന്നും വിശ്വാസികൾക്ക് ലഭ്യമാകുന്നത്.

വിശുദ്ധ കുർബ്ബാനയും നിഖ്യാ വിശ്വാസപ്രമാണവും എന്ന അദ്ധ്യായത്തിൽ വിശ്വാസികളുടെ സത്യവിശ്വാസ സാക്ഷ്യത്തിന്റെ സഭാശാസ്ത്രവും ദർശനവും ശാസ്ത്രീയമായി അപഗ്രഥിക്കുന്നു. കാർമ്മികൻ ഉൾപ്പെടെയുള്ള സംഘാത സമൂഹത്തിന്റെ കൂടിവരവിന്റെ ഒരുമയുടെയും വിശ്വാസ ഐക്യത്തിന്റെയും പ്രഖ്യാപനമാണിത്. വിശ്വാസ പ്രമാണം നല്ലവണ്ണം നിന്ന് ഏറ്റ് ചൊല്ലുന്ന ദിവ്യജ്ഞാനമാണ്. കാർമ്മികന്റെ കൂടിവരവിലുള്ള അഭ്യർത്ഥനകളും കൈ കഴുകൽ കർമ്മങ്ങളും വിവിധ സഭകളുടെ പശ്ചാത്തലത്തിൽ അനുഷ്ഠാന കർമ്മങ്ങൾ വിലയിരുത്തുന്നു. പൗരസ്ത്യ സഭകൾ ഇതിനെ ആന്തരിക ശുദ്ധീകരണവും അനുതാപ അനുഷ്ഠാനവുമായി വ്യാഖ്യാനിക്കുന്നു. വി. കുർബ്ബാനയിലെ സമാധാന ആശംസയും ചുംബനവും *രമ്യതയും ഒരുമയും ഐക്യവും സമാധാനവും* വെളിപ്പെടുത്തുന്നു. വി. കുർബ്ബാനയിൽ സമ്പൂർണ്ണമായി പങ്കാളിയാകുന്നതിന് സത്യവിശ്വാസം ഏറ്റുപറഞ്ഞ് ത്രിത്വനാമത്തിൽ മാമോദീസാ സ്വീകരിച്ച് സഭയിൽ അംഗമാകണം. സഭാംഗങ്ങൾ പരസ്പര സ്നേഹവും സൗഹൃദവും പങ്കിട്ടു സമാധാനത്തിലും ഒരുമയിലും ഒരു ശരീരമായി തീരണം. ശരിയായ വിശ്വാസവും (Orthodoxy) സുതാര്യമായ ജീവിതചര്യയുമാണ്

(Orthopraxia) സത്യവിശ്വാസികളുടെ സവിശേഷത. അനുരഞ്ജനത്തിന്റെയും ഐക്യത്തിന്റെയും ഹൃദ്യമായ ഭാവമാണ് സമാധാന ചുംബനം.

വി. കുർബ്ബാനയിലെ ശോശപ്പാ ആഘോഷവും പ്രധാന അനുഗ്രഹ ആശീർവാദങ്ങളും സുദീർഘമായി ഇതിൽ വിശകലനം ചെയ്യുന്നു. ഈ ഗ്രന്ഥത്തിന്റെ 11, 12 അദ്ധ്യായങ്ങൾ അനാഫൂറായുടെ ദീർഘമായ വിശകലനങ്ങൾ വേദ അടിസ്ഥാനത്തിലും പൗരസ്ത്യ ആദ്ധ്യാത്മിക ദർശനത്തിലും സംവേദിക്കുന്നു. വിവിധ സഭാ പാരമ്പര്യത്തിലുള്ള അനുഷ്ഠാനങ്ങൾ താരതമ്യം ചെയ്ത് ഓർത്തഡോക്സ് വിശ്വാസ അനുഷ്ഠാനങ്ങളുടെ മഹത്വം അവതരിപ്പിക്കുന്നു. വി. കുർബ്ബാനയുടെ അനുഷ്ഠാനങ്ങളിൽ സത്തും, സാരാംശവുമാണ് *എടുത്തു, വാഴ്ത്തി, മുറിച്ചു, കൊടുത്തു* എന്നുള്ള വാക്കുകൾ. തിരുശരീര രക്തങ്ങളിൽ പങ്കാളിയാകുന്നതുവഴി പലരായ വിശ്വാസികൾ ക്രിസ്തു ശരീരത്തിൽ ഐക്യപ്പെടുന്നു. വി. കുർബ്ബാനയിലെ അനുസ്മരണ, മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ ക്രിസ്തുവിന്റെ രക്ഷാകര പ്രവൃത്തികളിലൂടെയുള്ള കരുതലും കൃപയും നന്ദിയോടെ അനുസ്മരിക്കുന്നു. വി. കുർബ്ബാനയുടെ പ്രാരംഭം മുതൽ പരിസമാപ്തിവരെ അനുസ്മരണ പ്രാർത്ഥനകളും മദ്ധ്യസ്ഥ പ്രാർത്ഥനകളുമാണ്. *എന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്യുവിൻ* എന്നതുതന്നെ അനുസ്മരണമാണ്. തുബ്ദേൻ, ലുത്തിനിയോ, കുക്കിലിയോൻ തുടങ്ങിയവയും ഓർമ്മയും മദ്ധ്യസ്ഥതയുമാണ്.

കർതൃ ശരീര രക്തങ്ങളുടെ വിഭജനവും സംയോജനവും അവ ഉയർത്തിയുള്ള ആഘോഷവും 14-ാം അദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കുന്നു. പാശ്ചാത്യ-പൗരസ്ത്യ സഭകളിലെ വിഭജന ശുശ്രൂഷകൾ ലളിതവും ഹൃസ്വവുമാണ്. എന്നാൽ മലങ്കര ഓർത്തഡോക്സ് സഭാ പാരമ്പര്യത്തിലെ തിരുശരീര രക്തങ്ങളുടെ വിഭജനവും സംയോജനവും ലളിതവും ഹൃസ്വവും രഹസ്യാത്മകവുമാണ്. ഇത് ക്രിസ്തുവിന്റെ രക്ഷാരഹസ്യമായ കഷ്ടാനുഭവം, കരിശുമരണം, പുനരുത്ഥാനം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്നു. വി. കുർബ്ബാനയിലെ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന കർതൃപ്രാർത്ഥന ഒരേ സ്വരത്തിലും ശബ്ദത്തിലും ചൊല്ലുമ്പോൾ *പ്രാർത്ഥനകളുടെ പ്രാർത്ഥനയാകുന്നു*. ഇതിലെ പ്രാർത്ഥനകൾ ആത്മശരീര മനസ്സുകളെ ദൈവികമായി രൂപാന്തരപ്പെടുത്തുന്നു. കർതൃപ്രാർത്ഥനയിൽ വിശ്വാസികളുടെ ജീവിതത്തെ ദൈവസന്നിധിയിലേക്ക് ഉയർത്തുന്നതിനൊപ്പം, ജീവിതത്തെ ദൈവികമാക്കി തീർക്കുകയാണ്. കർതൃ പ്രാർത്ഥനയെക്കുറിച്ചുള്ള സമഗ്രമായ പദാനുപദവിശകലനമാണ് വന്ദ്യ ഡോ. ജോർജ്ജ് കോശി അച്ചൻ അവതരിപ്പിക്കുന്നത്. *വി. കുർബ്ബാനാനുഭവവും ശുശ്രൂഷയുടെ പരിസമാപ്തിയുമാണ്* 16-ാം അദ്ധ്യായം. വി. കുർബ്ബാനയുടെ നിർണ്ണായകമായ ഭാഗം, കുർബ്ബാന അനുഭവവുമായി ബന്ധപ്പെട്ടതാണ്. *കടങ്ങളുടെ പരിഹാരത്തിനും പാപമോചനത്തിനും... തിരുമുമ്പാകെയുള്ള മുഖപ്രസന്നതയ്ക്കുമുള്ള* കർതൃശരീര രക്തങ്ങൾ ഒരുക്കത്തോടും വിശുദ്ധിയോടും ഭക്തിയോടും വിശ്വാസികൾ സ്വീകരിക്കുന്നു.

വി. കുർബ്ബാനയിലെ അനുഷ്ഠാനങ്ങളും ദർശനങ്ങളും ഇതര സഭാ പാരമ്പര്യവുമായി താരതമ്യം ചെയ്യുന്ന നിരവധി സന്ദർഭങ്ങളും ഉദ്ധരണികളും ഈ ഗ്രന്ഥത്തെ മഹത്വരമാക്കുന്നു. കോപ്റ്റിക് സഭ, എത്യോപ്യൻ സഭ, പൗരസ്ത്യ സഭ, കൽദായ സഭ, സീറോ മലബാർ സഭ തുടങ്ങിയ സഭാപാരമ്പര്യത്തിലെ ആരാധനയിലെ അനുഷ്ഠാന രീതികളും മാർഗ്ഗങ്ങളും ഹൃദ്യമായി ഇതിൽ ഉൾച്ചേർത്തിരിക്കുന്നു. വിഷയ വിശകലനത്തിനായി ഇംഗ്ലീഷിലും മലയാളത്തിലും ലഭ്യമായ എല്ലാ ആധികാരിക ഗ്രന്ഥങ്ങളും പരിശോധിച്ച് കൃത്യമായ നിഗമനത്തിൽ എത്തുന്ന ഈ ഗ്രന്ഥത്തിന്റെ അപഗ്രഥന ശൈലിയും രീതിശാസ്ത്രവും അതീവ വിജ്ഞാനപ്രദമാണ്. വിവിധ സഭാപാരമ്പര്യത്തിലുള്ള ആരാധനാനുഷ്ഠാനങ്ങളുടെ താരതമ്യ പഠനം ഈ ഗ്രന്ഥത്തിൽ മാത്രമുള്ളതാണ്. വി. കുർബ്ബാനയുടെ വിശാലമായ സഭാന്തര ക്രമങ്ങളുടെ (text) താരതമ്യം ഇതിനെ അർത്ഥപൂർണ്ണമാക്കുന്നു. ദീർഘമായ അടിക്കുറിപ്പുകളും കൃത്യമായ ഗ്രന്ഥ സൂചികയും നൽകിയതിനാൽ ഭാവി ഗവേഷകർക്ക് ആരാധനാ പഠനം ആകർഷകമാകും.

വി. കുർബ്ബാനാനുഷ്ഠാനത്തിന്റെ അർത്ഥതലങ്ങളും അത്യുന്നത മാനങ്ങളും മഹാരഹസ്യങ്ങളും ഹൃദ്യവും ലളിതവുമായ രീതിയിൽ വന്ദ്യ. ഡോ. ജോർജ്ജ് കോശി അച്ചൻ ഈ ഗ്രന്ഥത്തിൽ അടയാളപ്പെടുത്തുന്നു. വി. കുർബ്ബാന വിശ്വാസികളുടെ പരസ്പര സംസർഗ്ഗവും സമ്പൂർണ്ണ ഐക്യവും യാഥാർത്ഥ്യമാക്കുന്നു. അപ്പോസ്തോലിക കാലം മുതൽ ഒരു കർത്താവ്, ഒരു ശരീരം, ഒരു ആത്മാവ്, ഒരു വിശ്വാസം, ഒരു മാമോദീസ (എഫേ 4:4) എന്നതാണ്. വിശ്വാസികൾ

വിശുദ്ധ കുർബ്ബാനയുടെ അർത്ഥവും വ്യാപ്തിയും വേദപുസ്തക അടിസ്ഥാനത്തിലും വേദശാസ്ത്ര വിശകലത്തിലും വിവിധ സഭാ പാരമ്പര്യ അനുഷ്ഠാന പശ്ചാത്തലത്തിലും ശാസ്ത്രീയമായി വ്യാഖ്യാനിക്കുന്ന പ്രൗഢ ഗ്രന്ഥമാണ് ഫാ. ഡോ. ജോർജ്ജ് കോശിയുടെ *വിശുദ്ധ കുർബ്ബാന പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിൽ.*

ഒരേ അപ്പത്തിന്റെ അംശികളാണ് (1 കൊരി. 10:17). *ഒരു ക്രിസ്തു, ഒരു സഭ, ഒരു ബലിപീഠം എന്നതിന്റെ അർത്ഥം ഒരു സ്ഥലത്തു ഒരു നേരം ഒരു കുർബ്ബാനയെന്നതാണ്.* വേദപുസ്തകപരമായും വേദശാസ്ത്രപരമായും സഭാ പൈതൃകപരമായും ഇതാണ് ശരിയെന്ന് ആരാധനാ വേദശാസ്ത്രത്തിൽ അഗാധപാണ്ഡിത്യം നേടിയ ഡോ. ജോർജ്ജ് കോശി അച്ചൻ ഇതിൽ തെളിയിക്കുന്നു.

രഹസ്യങ്ങളുടെ രഹസ്യമായ വി. കുർബ്ബാന നിത്യജീവനും സമൃദ്ധിയായ ജീവനും പകരുന്നതാണ്. അമർതൃതയുടെ ഔഷധമായ വി. കുർബ്ബാനയെക്കുറിച്ചുള്ള അറിവും അവബോധവും സഭാംഗങ്ങൾക്ക് ഉണ്ടാകണം. വിശ്വാസികൾ പരിശുദ്ധാത്മ നിറവിൽ ശക്തരും പ്രബുദ്ധരും സ്വർഗ്ഗരാജ്യാവകാശികളുമായിത്തീരുന്നതിനുള്ള മുഖാന്തിരമാണ് വി. കുർബ്ബാനയിലെ സംസർഗ്ഗവും അനുഭവവും. അതിനായി വിനീതരും വിധേയരും വിശ്വസ്തരുമായി വിശ്വാസികൾ രൂപപ്പെടണമെന്നാണ് ഈ ഗ്രന്ഥം നൽകുന്ന പ്രബോധനം.

ഓർത്തഡോക്സ് സഭാ ശാസ്ത്രത്തിന്റെയും വേദശാസ്ത്രത്തിന്റെയും അടിത്തറ ആരാധനയാണ്. ദൈവത്തിലുള്ള സമ്പൂർണ്ണ സമർപ്പണവും വിശ്വാസ പ്രഖ്യാപനവുമാണ് ആരാധന. ആരാധനയിൽ ദൈവസാന്നിദ്ധ്യബോധം അർത്ഥപൂർണ്ണമായി ഉണ്ടാകണം. മനുഷ്യസമൂഹവും സമസ്ത പ്രപഞ്ചവും ക്രിസ്തുവിൽ ഒന്നാകുന്ന ദിവ്യാനുഭവമാണ് ആരാധനയുടെ സൗന്ദര്യവും ശ്രേഷ്ഠതയും. ബാഹ്യമായ ഇടപെടലുകൾ വഴി ആരാധനയുടെ ആദ്ധ്യാത്മിയതയുടെ ശോഭയ്ക്ക് ഭംഗം വരുത്തുന്ന പുതുപ്രവണതകളെ ശക്തമായ ഭാഷയിൽ ഡോ. ജോർജ്ജ് കോശി അച്ചൻ വിമർശിക്കുന്നുണ്ട്. വിദ്വേഷിക്കുവാനും സങ്കപ്പെടുവാനുമല്ല, ആരാധനയുടെ അർത്ഥവും സൗന്ദര്യവും സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. ആരാധനാനുഷ്ഠാനങ്ങളിൽ വന്നുചേർന്ന പാരമ്പര്യേതരമായ നിരവധിക്കാര്യങ്ങൾ തിരുത്തപ്പെടേണ്ടതിന്റെ ആവശ്യകത വളരെ കൃത്യമായി ഇതിൽ വെളിപ്പെടുത്തുന്നു. ആരാധനയിലും സഭാവിജ്ഞാനീയത്തിലും വേദശാസ്ത്രത്തിലും അറിവും അനുഭവവും ആർജ്ജിച്ചതിനാലാണ് വന്ദ്യ ഡോ. ജോർജ്ജ് കോശി അച്ചന് ഇത് ചൂണ്ടിക്കാണിക്കുവാൻ കഴിയുന്നത്. ആരാധനയിൽ സംക്രമിക്കപ്പെട്ടിട്ടുള്ള പാരമ്പര്യേതര, നവീകരണ സ്വാധീനങ്ങൾ തടയപ്പെടുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. ഓർത്തഡോക്സ് ആരാധനയുടെ പവിത്രതയും അനുഷ്ഠാനങ്ങളിലെ വിശുദ്ധിയും സംരക്ഷിക്കപ്പെടണം. വളരെ സ്വാത്വികനും വേദപണ്ഡിതനുമായ ഡോ. ജോർജ്ജ് കോശി അച്ചന്റെ നിരന്തരമായ പഠനമനന പ്രക്രിയയും വേദവിജ്ഞാനീയ ആഭിമുഖ്യവുമാണ് ഇത്ര പ്രൗഢമായ ഗ്രന്ഥത്തിന്റെ പ്രകാശനത്തിന് പ്രചോദനം പകർന്നത്. വി. കുർബ്ബാനയെക്കുറിച്ച് ആധികാരികവും വേദശാസ്ത്രാധിഷ്ഠിതവുമായ ഈ ഗ്രന്ഥം ആരാധനയുടെ അർത്ഥവും വ്യപ്തിയും തിരിച്ചറിയുവാൻ വിശ്വാസികളെ പ്രാപ്തരാക്കുന്നു. വി. കുർബ്ബാനയിലെ അർത്ഥപൂർണ്ണമായ പങ്കാളിത്തവും അനുഷ്ഠാന ക്രമങ്ങളുടെ അർത്ഥവും വേദശാസ്ത്രവും ആഴമായി ഉൾക്കൊള്ളുവാൻ ഈ ഗ്രന്ഥം വിശ്വാസികൾക്ക് മാർഗ്ഗം പകരും. മലങ്കര ഓർത്തഡോക്സ് സഭയുടെ ആരാധനാ വിജ്ഞാനീയത്തിന്റെ അർത്ഥവും സൗന്ദര്യവും വളരെ ഹൃദ്യമായ ഭാഷയിലും ദർശനത്തിലും അവതരിപ്പിക്കുന്ന പ്രാമാണിക കൃതിയാണ് *വി. കുർബ്ബാന പൗരസ്ത്യ ക്രൈസ്തവ പാരമ്പര്യത്തിൽ* എന്ന ഗ്രന്ഥം. 'എന്റെ ഓർമ്മയ്ക്കായി... ക്രിസ്തു ശരീരത്തിലുള്ള സർഗ്ഗാത്മകമായ പങ്കാളിത്തത്തിനായി ഈ കൃതിയുടെ വായനയും പഠനവും വിശ്വാസികളെ സജ്ജമാക്കണം എന്നതാണ് വന്ദ്യ ഡോ. ജോർജ്ജ് കോശി അച്ചന്റെ എഴുത്തിന്റെ അന്തർധാര. ഹൃദയപൂർവ്വം വായനയ്ക്കും വിശകലനത്തിനുമായി ഈ ഗ്രന്ഥം സമർപ്പിക്കുന്നു.

വിശുദ്ധ കുർബ്ബാന: പൗരസ്ത്യ ക്രൈസ്തവ സഭാപാരമ്പര്യത്തിൽ

ഫാ. ഡോ. ജോർജ് കോശി

എം.ഒ സി. പബ്ളിക്കേഷൻസ്, കോട്ടയം

പേജ് 940, വില 900 രൂപ

ലേഖനം

പരിശുദ്ധ ദൈവമാതാവിന്റെ ഐക്കൺ: ഒരു പുനർ വായന

ഫാ. ജോൺസൺ പുഞ്ചക്കോണം

"നിന്നൂ മഹിമയോടാ രാജകുമാരീ ഹാലേലുയ്യാ
വലതുവശത്തായ് രാജേശ്വരിയും
ഓഫീർ തങ്ക തുകിലങ്കിയണിഞ്ഞോളേ ഹാലേലുയ്യാ
കേക്കുക നോക്കുക ചെവി ചായിക്ക
ശുഭഗത നരപതി കാംക്ഷിപ്പാൻ ഹാലേലുയ്യാ
സ്വജന ഗ്രങ്ങളെ നീ വിടുക
പ്രാണ പ്രീയനെ പ്രണമിക്ക ഹാലേലുയ്യാ
സൂരിൻ മകളെ പ്രണമിക്ക."

ഓർത്തോഡോക്സ് സഭയുടെ മാമോദീസ ക്രമത്തിലെ ഈ ഗാനം 45-ാം സങ്കീർത്തനത്തിൽ നിന്നുള്ള ഭാഗമാണ്. യേശു ക്രിസ്തുവിന്റെ (നിന്റെ) വലത്തുഭാഗത്തു രാജ്ഞി (മാതാവ്) ഓഫീർ തങ്കം അണിഞ്ഞു നിൽക്കുന്നതായി ചിത്രീകരിച്ചിരിക്കുന്ന ഈ ഐക്കണിലൂടെ പരിശുദ്ധ കന്യാമറിയം യേശുവിനെ തന്റെ ഇടതുകരത്തിൽ വഹിച്ചിരിക്കുന്നതായും വലതുകരം കൊണ്ട് 'ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നതായി ചിത്രീകരിക്കുന്നു.

സങ്കീർത്തനങ്ങൾ 45:8-17: "നിന്റെ വസ്ത്രമെല്ലാം മൂറും ചന്ദനവും ലവംഗവുംകൊണ്ടു സുഗന്ധമായിരിക്കുന്നു; ദന്തമന്ദിരങ്ങളിൽനിന്നു കമ്പിനാദം നിന്നെ സന്തോഷിപ്പിക്കുന്നു. നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ടു; നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നില്ക്കുന്നു. അല്ലയോ കുമാരീ, കേൾക്ക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക. അപ്പോൾ രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും; അവൻ നിന്റെ നാഥനല്ലോ; നീ അവനെ നമസ്കരിച്ചുകൊൾക. സോർനിവാസികൾ, ജനത്തിലെ ധനവാന്മാർ തന്നേ, കാഴ്ചവെച്ചു നിന്റെ മുഖപ്രസാദം തേടും. അഃന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു. അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും. സന്തോഷത്തോടും ഉല്ലാസത്തോടും കൂടെ അവരെ കൊണ്ടുവരും; അവർ രാജമന്ദിരത്തിൽ പ്രവേശിക്കും. നിന്റെ പുത്രന്മാർ നിന്റെ പിതാക്കന്മാർക്കു പകരം ഇരിക്കും; സർവ്വഭൂമിയിലും നീ അവരെ പ്രഭുക്കന്മാരാക്കും. ഞാൻ നിന്റെ നാമത്തെ എല്ലാ തലമുറകളിലും ഓർക്കുമാറാക്കും. അതുകൊണ്ടു ജാതികൾ എന്നും എന്നേക്കും നിനക്കു സ്തോത്രം ചെയ്യും."

ഓർത്തഡോക്സ് സഭയിൽ, തിയോടോക്കോസിന്റെ (ദൈവമാതാവ്) ഐക്കൺ വളരെ ബഹുമാനിക്കപ്പെടുന്നതും കാര്യമായ പ്രാധാന്യമുള്ളതുമാണ്. 'ദൈവം' എന്നർഥമുള്ള 'തിയോസ്', 'വാഹകൻ' അല്ലെങ്കിൽ 'ജനനം നൽകുന്നവൻ' എന്നർഥമുള്ള 'ടോക്കോസ്' എന്നീ ഗ്രീക്ക് പദങ്ങളിൽ നിന്നാണ് 'തിയോടോക്കോസ്' എന്ന പദം ഉരുത്തിരിഞ്ഞത്.

ആദ്യത്തെ ഐക്കണോഗ്രാഫർ സുവിശേഷകനായ ലൂക്കോസ് ആണെന്നാണ് ഓർത്തഡോക്സ് സഭയുടെ പാരമ്പര്യം വിശ്വസിക്കുന്നത്, ദൈവിക പ്രചോദനത്തിൽ അദ്ദേഹം വരച്ച ആദ്യത്തെ ഐക്കൺ പൈതലായ യേശുകുഞ്ഞിനെ പിടിച്ചിരിക്കുന്ന ദൈവമാതാവ് ആണെന്നും. ക്രിസ്തു പാന്റോക്രേറ്ററിന്റെ ഐക്കൺ പോലെ, ദൈവപുത്രന്റെ അമ്മയോടൊപ്പമുള്ള ഐക്കണുകൾ ഒരു മനുഷ്യനെന്ന നിലയിൽ ദൈവത്തിന്റെ അവതാരത്തിന്റെ യാഥാർത്ഥ്യത്തിന്റെ ശക്തമായ സാക്ഷ്യങ്ങളുമാണ്.

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ വിശുദ്ധ കന്യകാമറിയാമിലൂടെയുള്ള മനുഷ്യാവതാരത്തിലൂടെ ദൈവം പൂർണമനുഷ്യത്വം സ്വീകരിക്കുകയും



പരിപൂർണ്ണമായും ദൈവമായി നിലകൊള്ളുകയും ചെയ്തുവെന്ന് ഓർത്തഡോക്സ് സഭ വിശ്വസിക്കുന്നു. ഈ നിഗൂഢതയുടെ വിഷ്വൽ പ്രാതിനിധ്യമായാണ് തിയോടോക്കോസിന്റെ ഐക്കൺ കാണുന്നത്, ദൈവിക സാന്നിധ്യവുമായി ബന്ധിപ്പിക്കുന്നതിനും ദൈവമാതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുന്നതിനുമുള്ള ഒരു മാർഗമായി ഐക്കൺ നിലകൊള്ളുന്നു.

ആ കാലഘട്ടത്തിലെ യഹൂദ സ്ത്രീകളുടെ മാതൃകയിലുള്ള ഒരു മൂടുപടം മറിയം ധരിച്ചതായി കാണിക്കുന്നത് ഒരു ചരിത്ര വസ്തുതയാണ്, ഇത് അവളുടെ വിനയവും ഭക്തിയും നമുക്ക് വെളിപ്പെടുത്തുന്നു. മൂടുപടം ചുവപ്പാണ്, ദൈവികതയുടെ നിറമാണ്, അതേസമയം മൂടുപടത്തിനടിയിലുള്ള വസ്ത്രങ്ങൾ പച്ചയോ നീലയോ ആണ്, മനുഷ്യത്വത്തിന്റെ നിറങ്ങൾ. ക്രിസ്തുവിന്റെ സാധാരണ ചിത്രീകരണത്തിന്റെ നേർവിപരീതമാണിത്: തന്റെ നിത്യവും ദൈവികവും പ്രകൃതിയിൽ മനുഷ്യത്വം ധരിക്കുന്നു. സുവിശേഷകനായ ലൂക്കോസ് രേഖപ്പെടുത്തുന്നതുപോലെ, ഗബ്രിയേൽ ദൂതൻ മറിയയോട് പറഞ്ഞു: 'പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരും, അത്യുന്നതന്റെ ശക്തി നിങ്ങളെ കീഴടക്കും' (ലൂക്കാ 1:35) അതിനാൽ ഇത് മറിയാമിന്റെ മൂടുപടത്തിൽ കാണിക്കുന്നു.അവളുടെ തിരശ്ശീലയിൽ അവളുടെ നിത്യ കന്യകാത്വത്തെ പ്രതിനിധീകരിക്കുന്ന മൂന്ന് നക്ഷത്രങ്ങളുണ്ട്: മേരിയുടെ ഗർഭധാരണത്തിന് മുമ്പും, ശേഷവും, എന്നേക്കും

അവൾ വിശുദ്ധ കന്യകയായി തുടർന്നു. മറിയത്തിന്റെ നിത്യകന്യകാത്വം ഓർത്തഡോക്സ് സഭയ്ക്കുള്ളിലെ വിശ്വാസപ്രഖ്യാപനമാണെന്ന് അതിന്റെ കലാസൃഷ്ടികളിൽ പോലും പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

ഈ ഐക്കണിൽ വിശുദ്ധ കന്യകമറിയാം വിശ്വാസികളെ നേരിട്ട് നോക്കുകയും അവളുടെ കൈ ചൂണ്ടികൊണ്ട് അവൾ നമ്മേ അവൾ പിടിച്ചിരിക്കുന്ന ശിശുവിലേക്ക് നയിക്കുന്നു. സത്യദൈവത്തിന്റെ എല്ലാ ജ്ഞാനവും ഉൾക്കൊള്ളുന്ന ഒരു കുട്ടിയായിരിക്കുമ്പോൾ പോലും അവന്റെ വലതു കൈ അനുഗ്രഹം നൽകുന്നതായി കാണിക്കുന്നു .

വിശുദ്ധ കന്യക മറിയാം അവളുടെ വിനയവും അവളുടെ ഭക്തിയും അവളുടെ ആർദ്രതയും അവൾ സഹിച്ച സങ്കടവും അത് നമുക്ക് കാണിച്ചുതരുന്നു. വിശുദ്ധ കന്യകമറിയാമിന്റെ ഐക്കണിന് നമ്മോടുള്ള അവളുടെ സ്നേഹം യഥാർത്ഥത്തിൽ വെളിപ്പെടുത്താനും അവളിലേക്ക് നമ്മെ അടുപ്പിക്കാനും കഴിയും. എന്നിട്ടും നമ്മൾ അവളിലേക്ക് ആകർഷിക്കപ്പെടുമ്പോൾ, അവൾ നമ്മെ എവിടേക്കാണ് നയിക്കുന്നത്? അവളുടെ വലത് തോളിലെ വാക്ക് 'ഹോഡിജിട്രിയ' എന്നാണ്, അതിനർത്ഥം 'വഴികാട്ടി' എന്നാണ്, അവളുടെ കൈ നമ്മെ അവളുടെ പുത്രനിലേക്ക് വ്യക്തമായി നയിക്കുന്നു. അവൻ യഥാർത്ഥ ദൈവമായും യഥാർത്ഥ ജ്ഞാനിയായും എല്ലാ അനുഗ്രഹങ്ങളുടെയും ഉറവിടമായും കാണിക്കുന്നു. അവളുടെ തലയ്ക്ക് മുകളിൽ 'MP OY' എന്ന അക്ഷരങ്ങൾ ഉണ്ട്, ഗ്രീക്കിന്റെ ചുരുക്കെഴുത്ത്: 'Mater Theos' ദൈവത്തിന്റെ മാതാവ്. എന്നിട്ടും ഈ മഹത്തായ തലക്കെട്ട് പോലും മറിയത്തെക്കാൾ അവളുടെ പുത്രനായ യേശുവിന്റെ സ്വഭാവത്തെക്കുറിച്ച് നമ്മോട് പറയുന്നതിലൂടെ നമ്മെ ക്രിസ്തുവിലേക്ക് തിരികെ നയിക്കുന്നു. വിശുദ്ധ കന്യക മറിയാമിലൂടെ നാം അവളുടെ പുത്രനെ, മനുഷ്യരാശിയുടെ രക്ഷകനെ, ജഡത്തിൽ ദൈവമായ യേശുക്രിസ്തുവിനെ സ്വീകരിക്കുന്നു.

ഓർത്തഡോക്സ് സഭ ഐക്കണുകളെ കേവലം കലാപരമായ പ്രതിനിധാനങ്ങളോ ആരാധിക്കേണ്ട വിഗ്രഹങ്ങളോ ആയിട്ടല്ല, മറിച്ച് ആത്മീയ മണ്ഡലത്തിലേക്കുള്ള ജാലകങ്ങളായിട്ടാണ് കാണുന്നത്. ഐക്കണുകൾ ദൈവിക കൃപയുടെ ചാനലുകളായി കണക്കാക്കപ്പെടുന്നു, ഇത് ചിത്രീകരിച്ചിരിക്കുന്ന വ്യക്തിയുമായോ സംഭവവുമായോ കൂട്ടായ്മയിൽ പ്രവേശിക്കാൻ വിശ്വാസികളെ അനുവദിക്കുന്നു. ഐക്കണുകളോടുള്ള ബഹുമാനം കാണിക്കുന്നതിലൂടെ, അവർ പ്രതിനിധാനം ചെയ്യുന്ന വിശുദ്ധ വ്യക്തികളോടുള്ള സ്നേഹവും ആദരവും ഭക്തിയും പ്രകടിപ്പിക്കുന്നതിനുള്ള ഒരു മാർഗമെന്ന നിലയിൽ, കുമ്പിടുക, ചുംബിക്കുക, അല്ലെങ്കിൽ മെഴുകുതിരികൾ കത്തിക്കുക തുടങ്ങിയ ഭക്തിനിർഭരമായ പ്രവൃത്തികൾ ഉൾപ്പെടുന്നു.

തിയോടോക്കോസിന്റെ ഐക്കണിനെക്കുറിച്ചുള്ള ഓർത്തഡോക്സ് സഭകളുടെ പഠിപ്പിക്കലുകൾ, ദൈവം ലോകത്തിലേക്ക് പ്രവേശിക്കുവാൻ തിരഞ്ഞെടുത്ത പാത്രമെന്ന നിലയിൽ വിശുദ്ധ കന്യക മറിയാമിന്റെ പങ്ക് ഊന്നിപ്പറയുന്നു. ദൈവത്തിന്റെ മോചന പദ്ധതിയിൽ മനുഷ്യരാശിയുടെ പങ്കാളിത്തത്തിന്റെ മാതൃകയായാണ് വിശുദ്ധ കന്യക മറിയാമിനെ പരിശുദ്ധ സഭ ബഹുമാനിക്കുന്നത്. തിയോടോക്കോസിന്റെ ഐക്കൺ വിശുദ്ധ കന്യക മറിയാമിന്റെ വിശ്വസ്തത, വിനയം, ദൈവഹിതത്തിന് കീഴടങ്ങാനുള്ള സന്നദ്ധത എന്നിവയുടെ ഓർമ്മപ്പെടുത്തലായി വർത്തിക്കുന്നു, ഇത് എല്ലാ വിശ്വാസികൾക്കും അനുകരിക്കാനുള്ള ഒരു മാതൃകയാക്കുന്നു.

ഒരു പഴയനിയമ പ്രതീകം

ദാവീദിന്റെ മരണശേഷം സോളമൻ ഇസ്രായേലിന്റെ രാജാവായി. ബത്ഷേബ തന്റെ മകനെ കാണാൻ പോയി, (1 രാജാക്കന്മാർ 2:19) ഇങ്ങനെ വായിക്കുന്നു: "രാജാവ് അവളെ എതിരേറ്റു ചെന്നു അവളെ വണങ്ങി; പിന്നെ അവൻ തന്റെ സിംഹാസനത്തിൽ ഇരുന്നു, രാജാവിന്റെ അമ്മയ്ക്കുവേണ്ടി ഒരു സിംഹാസനം കൊണ്ടുവന്നു, അവൾ അവന്റെ വലതുവശത്ത് ഇരുന്നു." ഇത് ബഹുമാനത്തിന്റെയും സ്വാധീനത്തിന്റെയും യഥാർത്ഥ സ്ഥാനത്തെ പ്രതിഫലിപ്പിക്കുന്നു. രാജ്ഞി മാതാവായി ബത്ഷേബയുടെ സിംഹാസനം പിന്നീട് കന്യാമറിയത്തിന്റെ കിരീടധാരണത്തിന്റെ പ്രതീകമായി മാറി. സോളമൻ രാജാവിനെ ക്രിസ്തുവിന്റെ പ്രതീകമായി കണക്കാക്കിയതിനാൽ, കന്യകയെ രാജ്ഞിയായി പ്രതീകപ്പെടുത്താൻ ബത്ഷേബയും വന്നു. 1950-കളിലെ ഹാർഡ്മാൻ ആൻഡ് കമ്പനിയുടെ ഈ സ്റ്റെയിൻഡ് ഗ്ലാസ് ദൃശ്യത്തിൽ ഇത് പ്രതിഫലിക്കുന്നു. ബത്ഷേബയെ അവളുടെ ഇളയ മകൻ സോളമനോടൊപ്പമുള്ള ഒരു രാജകീയയായി ചിത്രീകരിച്ചിരിക്കുന്നത് കാണാം. കന്യാമറിയത്തിന് വഴിയൊരുക്കിയ പഴയ നിയമത്തിലെ പല സ്ത്രീകളും - രാജ്ഞിമാരും അമ്മമാരും നായികമാരും ഉൾപ്പെടുന്ന ഒരു വലിയ റോസ് വിൻഡോയുടെ ഭാഗമാണ് ചിത്രം.

പരിശുദ്ധ ദൈവമാതാവിന്റെ 'പനാഗിയ' ധരിക്കുന്നത്

Panagia, പനാഗിയ, (അല്ലെങ്കിൽ fem. of panágio, പാൻ - + ഹാഗിയോസ്, അതായത് സർവ്വ-വിശുദ്ധി) എന്നത് ദൈവത്തിന്റെ അമ്മയായ കന്യകാമറിയത്തിന് നൽകിയിരിക്കുന്ന ഒരു തലക്കെട്ടാണ്, ഇത് പ്രത്യേകിച്ച് ഓർത്തഡോക്സ് സഭയിൽ മെത്രാപ്പോലീത്തൻമ്മാർ തങ്ങളുടെ അംശവസ്ത്രത്തിന്റെ ഭാഗമായി വിശുദ്ധ ദൈവമാതാവിന്റെ ഐക്കൺ വഹിക്കുന്ന 'പനാഗിയ' engolpion 'എൻഗോൾപിയൻ' ധരിക്കുന്നു, ഒരു എപ്പിസ്കോപ്പ ആരാധനക്കായി ഒരുങ്ങുമ്പോൾ തന്റെ അംശ വസ്ത്രങ്ങൾക്ക് മുകളിൽ ഒരു പനാഗിയ ധരിക്കുന്നു. ഒരു ഓട്ടോസെഫാലസ് സഭയുടെ തലവനായ പരിശുദ്ധ കാതോലിക്കാ ബാവ, പനാഗിയയും, പെക്ടറൽ കുരിശും യേശുവിന്റെ ഒരു എൻഗോൾപിയനും ധരിക്കുന്നു. ഭദ്രാസനത്തിന്റെ ചുമതലകളിലുമുള്ള മെത്രാപ്പോലീത്തന്മാർ, സാധാരണയായി അവരുടെ അംശവസ്ത്രത്തോടൊപ്പം 'പനാഗിയ' മാത്രം ധരിക്കും. ഒരു മെത്രാപ്പോലീത്തയെ ഒരു പുരോഹിതനിൽ നിന്നോ സന്യാസിയിൽ നിന്നോ വേർതിരിക്കുന്ന അടയാളമാണ് 'പനാഗിയ.' കുഞ്ഞിനെ കെട്ടിപ്പിടിച്ചു കൊണ്ടുള്ളതോ, ചുംബിക്കുന്നതോ ആയ ഐക്കൺ അല്ല ഓർത്തഡോക്സ് സഭയിയിൽ ഉപയോഗിക്കുന്നത്.

കൂടാതെ മാതാവിന്റെ കൈവിരലുകൾ അല്പം നീണ്ടിരിക്കുന്നതായി കാണാം. ലോകത്തിന്റെ രക്ഷകൻ പ്രത്യക്ഷപെട്ടിരിക്കുന്നു, അവനിലേക്ക് നമ്മുടെ ശ്രദ്ധ തിരിയണം എന്ന അർഥത്തിലാണ് കൈവിരലുകൾ അല്പം നീണ്ടിരിക്കുന്നതായി ചിത്രീകരിച്ചിരിക്കുന്നത്. വലത് കയ്യിൽ യേശുക്രിസ്തു ഇരിക്കുന്നതും, കുഞ്ഞിനെ കെട്ടിപ്പിടിച്ചിരിക്കുന്നതും, ചുംബിക്കുന്നതുമായ ഐക്കണുകൾ ഓറിയന്റൽ ഓർത്തഡോക്സ് പാരമ്പര്യത്തിൽപെടുന്നതല്ല. മാത്രമല്ല ഓറിയന്റൽ ഓർത്തഡോക്സ് സഭയുടെ പാരമ്പര്യത്തിൽ മാതാവിനെ തന്നെ വരക്കാറില്ല. കുഞ്ഞിനെ വഹിക്കുന്ന അമ്മ 'തെയോടോക്കോസ്' എന്ന ഐക്കൺ ആണ് ഓർത്തോഡോക്സ് സഭയുടെ പാരമ്പര്യത്തിൽ ഉള്ളത്. മാത്രമല്ല ദൈവമാതാവിന്റെയും യേശുക്രിസ്തുവിന്റെയും ഐക്കണുകളിൽ 'ഹൃദയം' വരച്ചുവക്കുന്ന ഐക്കണുകളും ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നില്ല, അവ കത്തോലിക്കാ സഭയിലെ ലത്തീൻ പാരമ്പര്യത്തിൽ നിന്നുള്ളതാണ്.

ലോകരക്ഷകൻ ദൈവമാതാവിൽ നിന്ന് ജഡം ധരിച്ചതുപോലെ വിശുദ്ധ ബലിപീഠത്തിൽ നിന്ന് ജീവന്റെ അപ്പമായ യേശുക്രിസ്തുവിന്റെ തിരുശരീരവും രക്തവും വിശ്വാസികൾക്ക് നൽകപ്പെടുന്നു എന്ന പാരമ്പര്യത്തിൽ നിന്നാണ് നമ്മുടെ ദേവാലയങ്ങളിലെ പ്രധാന ബലിപീഠം ഇപ്പോഴും പരിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ കൂദാശ ചെയ്യപ്പെടുന്നത്.

'പീലാസ' പരിശുദ്ധ ദൈവമാതാവിന്റെ മടിത്തട്ടാണ് എന്നും ആ പീലാസയിലാണ് യേശുക്രിസ്തുവിന്റെ മുറിപ്പാനിരിക്കുന്ന ശരീരമായ അപ്പം ഇരിക്കുന്നത് എന്നും ഓർത്തഡോക്സ് സഭ പഠിപ്പിക്കുന്നു.

ഓർത്തഡോക്സ് പുരോഹിതർ ധരിക്കുന്ന കുരിശ് മാല

ഓർത്തഡോക്സ് സഭയിൽ കുരിശ് ധരിക്കുന്നതിനുള്ള കുരിശ് എല്ലാ വൈദികരും ധരിക്കുന്നു. കുരിശ് വിശ്വസ്ത സേവനത്തിനായി പ്രത്യേക അടയാളമായി പുരോഹിതർക്ക് നൽകുന്ന പാരമ്പര്യമാണ് ഉള്ളത്. ഓർത്തഡോക്സ് പെക്ടറൽ കുരിശുകൾ മിക്കവാറും എല്ലായ്പ്പോഴും വെള്ളിയുടെയോ സ്വർണ്ണത്തിന്റെയോ ചങ്ങലകളാൽ നിർമ്മിക്കപ്പെട്ടവയാകാം. കോർ എപ്പിസ്കോപ്പാമാരുടെ കുരിശുകൾക്ക് മുകളിൽ ചെറിയ കിരീടങ്ങൾ ഉള്ള അലങ്കരിച്ച കുരിശുകൾ ഉപയോഗിക്കാറുണ്ട്. റഷ്യൻ ഓർത്തോഡോക്സ് പാരമ്പര്യത്തിൽ, ഒരു പുരോഹിതന്റെ കുരിശിന്റെ പിൻഭാഗത്ത് 'വിശ്വാസികൾക്ക് സംസാരത്തിലും പെരുമാറ്റത്തിലും, സ്നേഹത്തിലും, വിശ്വാസത്തിലും, വിശുദ്ധിയിലും ഒരു മാതൃകയായിരിക്കുക' (1 തിമോ. 4: 12) വിശുദ്ധ തിമോത്തിയോസിനോട് വിശുദ്ധ പൗലോസിന്റെ വാക്കുകൾ ആലേഖനം ചെയ്യപ്പെടുന്നു.

(Courtesy: A class taken by Dr. Geevarghese Yulios Metropolitan)

വചനതീർത്ഥം



"തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ"

പെന്തിക്കോസ്തിക്കുശേഷം അഞ്ചാം ഞായറാഴ്ച. (വി. മർക്കോസ് 9:33-41)

ഫിലിപ്പോസ് റമ്പാൻ

(ജ്യോതിസ് ആശ്രമം, അബു റോഡ്, രാജസ്ഥാൻ)

യേശുതമ്പുരാനും ശിഷ്യന്മാരും ഒന്നിച്ച് യാത്ര ചെയ്ത സമയത്ത് ശിഷ്യന്മാരുടെ ഇടയിൽ ഒരു സംസാരം ഉണ്ടായി. അവർ പരസ്പരം തങ്ങളുടെ ഇടയിൽ വലിയവൻ ആർ എന്നതിനെക്കുറിച്ച് തർക്കവും വാദവും ഉണ്ടാകുന്നു. നിങ്ങൾ വഴിയിൽവച്ച് എന്താണ് വാദിച്ചത് എന്ന് യേശുതമ്പുരാൻ ചോദിച്ചപ്പോൾ അവർ എല്ലാവരും മിണ്ടാതിരുന്നു. അവരുടെ സംസാരം എന്താണ് എന്നു മനസ്സിലാക്കിയ യേശു അവരോടു പറയുന്നു "ഒരുവൻ മുമ്പൻ ആകുവാൻ ഇച്ഛിച്ചാൽ അവൻ എല്ലാവരിലും ഒടുക്കത്തവനും എല്ലാവർക്കും ശുശ്രൂഷകനും ആകണം. അവൻ ഒരു ശിശുവിനെ അവരുടെ നടുവിൽ നിർത്തി അണച്ചുകൊണ്ട് ഇങ്ങനെയുള്ള ശിശുക്കളിൽ ഒന്നിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെയല്ല എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. മറ്റൊരവസരത്തിൽ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ എന്ന് ശിഷ്യന്മാർ യേശുവിനോടു ചോദിക്കുമ്പോൾ അവൻ ഒരു ശിശുവിനെ അടുക്കൽ വിളിച്ചു അവരുടെ നടുവിൽ നിർത്തിയിട്ട് "നിങ്ങൾ തിരിഞ്ഞു ശിശുക്കളെപ്പോലെ ആയിത്തീരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല. ആകയാൽ ഈ ശിശുവിനെപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആകുന്നു.

യേശുക്രിസ്തുവിന്റെ ശിഷ്യന്മാരുടെ ഇടയിൽപോലും തങ്ങളിൽ ആരാണ് വലിയവൻ എന്ന ചിന്ത കടന്നു വന്നു. അതിനോടുള്ള യേശുക്രിസ്തുവിന്റെ പ്രതികരണം ആണ് ഈ ഭാഗത്ത്. ഒരുപക്ഷേ പ്രായം കൂടിയ പത്രോസിനും, യാക്കോബിനും, യോഹന്നാനും ലഭിച്ച പ്രത്യേക പരിഗണനകൾ ആയിരിക്കാം മറ്റു ശിഷ്യന്മാർക്ക് പ്രയാസം വരുത്തിയത്. യേശു തന്റെ പ്രതികരണത്തിൽ വലിയവനെ സംബന്ധിച്ച് ഒരു പുതിയ നിർവ്വചനവും വ്യാഖ്യാനവും നൽകുന്നു. പത്രോസ്, യാക്കോബ്, യോഹന്നാൻ ഇവർ മൂന്നുപേർക്കും ഒന്നിലധികം പ്രാവശ്യം യേശു കല്പിച്ച പ്രത്യേകത, തലവരിപ്പണം തനിക്കും പത്രോസിനും വേണ്ടി മാത്രം കൊടുക്കുവാൻ നിർദ്ദേശിച്ചത് ആദിയായ പല കാരണങ്ങളും ഈ വാഗ്വാദത്തിനു പ്രേരിപ്പിച്ചിരിക്കണം. സ്വർഗ്ഗരാജ്യം എന്ന പദംകൊണ്ട് ഒരു ലൗകിക രാജ്യത്തെയായിരിക്കണം ഇവർ ഉദ്ദേശിക്കുന്നത്. യേശുവിന്റെ സംസാരങ്ങളിൽ നിന്നും ഈ രാജ്യസ്ഥാപനത്തിനുള്ള സമയം ഏതാണ്ട് അടുത്തിരിക്കുന്നതായും അവർ വിചാരിച്ചിരിക്കണം. ഈ വാദപ്രതിവാദത്തെക്കുറിച്ചു യേശുതമ്പുരാൻ ചോദിക്കുമ്പോൾ ശിഷ്യന്മാർ ലജ്ജിതരായി മിണ്ടാതിരുന്നു എന്ന് ഇവിടെ നാം വായിക്കുന്നു.

ശിശുക്കൾ, പരമാർത്ഥ ഹൃദയത്തിന്റെ ഉടമ

യേശുതമ്പുരാൻ ഒരു പൈതലിനെ തന്റെ ഭുജങ്ങളിൽ വഹിച്ച് എന്നു പറയുമ്പോൾ ഈ പൈതലിന്റെ പ്രായത്തെക്കുറിച്ചു നമുക്ക് ഊഹിക്കാം. വിളിച്ചാൽ അടുത്തു വരുവാനും എന്നാൽ നിഷ്പ്രയാസം കൈകളിൽ വഹിക്കാനും തക്ക പ്രായം. ഈ പൈതൽ പിന്നീട് അന്ത്യോഖ്യായിലെ പാത്രിയർക്കീസായിരുന്ന തീയക്കടുത്ത "മാർ ഇഗ്നാത്തിയോസ്" ആയിരുന്നു എന്ന് പിതാക്കന്മാർ പഠിപ്പിക്കുന്നു. പരമാർത്ഥ ഹൃദയത്തിന്റെ ഒരു മാതൃകയായി സാധാരണ ശിശുഹൃദയം ഗണിക്കപ്പെടുന്നു. ശിശുഹൃദയം സ്നേഹപൂർണ്ണവും കാപട്യമില്ലാത്തതുമാണ്. ഇതിനെതിരെയുള്ള ഒരു മനോഭാവമാണ് ശിഷ്യന്മാരിൽ കാണാൻ കഴിഞ്ഞത്. ഈ മനോഭാവം വെടിഞ്ഞ് പരമാർത്ഥികളും, സ്നേഹപൂർണ്ണരും വിനീതഹൃദയരും ആയിത്തീർന്നില്ല എങ്കിൽ ദൈവരാജ്യത്തിൽ പ്രഥമസ്ഥാനം മാത്രമല്ല പ്രവേശിക്കുവാൻ പോലും സാധിക്കുകയില്ല.

ഒരു ശിശുവിനുള്ള നിഷ്കളങ്കത, ആശ്രയബോധം, വിനയം എന്നിവ യഥാർത്ഥത്തിൽ വലിയവനും ഉണ്ടായിരിക്കണം. ശിശു എത്ര ചെറിയവനാണെങ്കിലും ആ ചെറിയവനെയും കൈക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്യുന്ന മനോഭാവമാണ് യഥാർത്ഥ ശ്രേഷ്ഠത. അങ്ങനെ അംഗീകരിക്കുവാൻ സാധിക്കുന്നവർക്ക് തങ്ങൾ എല്ലാവരെക്കാൾ ചെറിയവനാണെന്ന എളിമയും ഉണ്ടായിരിക്കും. ഒരു ശിശുവിനെപ്പോലെ എല്ലാവരിലും ചെറിയവനായിരിക്കുന്ന അവസ്ഥയാണ് ഏറ്റവും വലിയവനുണ്ടായിരിക്കേണ്ടത് എന്ന് യേശു പറയുന്നു.

ശിശുക്കൾ-മറ്റുള്ളവർ തങ്ങളെക്കാൾ ശ്രേഷ്ഠർ എന്നു കരുതുന്നു

ഒരു ശിശുവിനെ സ്വീകരിക്കുവാൻ മനസ്സുള്ളവർക്ക് യേശുവിനെയും യേശുവിനെ നിയോഗിച്ച സ്വർഗ്ഗസ്ഥപിതാവിനെയും സ്വീകരിക്കുവാൻ കഴിയും. ശിശുക്കൾക്ക് യേശുക്രിസ്തു വലിയ പ്രാധാന്യം കല്പിച്ചിരുന്നു എന്നു ഈ ഭാഗം വ്യക്തമാക്കുന്നു. അന്നത്തെ സമൂഹത്തിൽ ശിശുക്കൾക്ക് യാതൊരു അവകാശവും സ്ഥാനങ്ങളും ലഭിച്ചിരുന്നില്ല. 'അവകാശി........ശിശുവായിരിക്കുന്നിടത്തോളം ദാസനെക്കാൾ ഒട്ടും വിശേഷതയുള്ളവനല്ല (ഗലാത്യർ 4..) എന്ന് പൗലോസ് വ്യക്തമാക്കുന്നുണ്ട്. സകല കാര്യങ്ങളിലും ശിശുക്കൾ മാതാപിതാക്കളെയോ മുതിർന്നവരെയോ ആശ്രയിക്കുന്നു. ശിശുവിനു ലഭിക്കുന്നത് അർഹതക്കനുസൃതമാണെന്ന വിധത്തിലല്ല, ദാനങ്ങളായിട്ടാണ്. 'ശിശുവിനെപ്പോലെ ആയിത്തീരുക" എന്നുള്ളതിൽ പല ആശയങ്ങളും അടങ്ങിയിരിക്കുന്നു. ശിശുക്കളുടെ പ്രത്യേകത, അവരിൽ പ്രകടമാകുന്ന ആശ്രയ സ്വഭാവം, വിശ്വാസം, നിഷ്കളങ്കത, സൗഹൃദം ഇങ്ങനെ പലതും പറയാമെങ്കിലും ഇവിടെ ഊന്നൽ കൊടുത്തിട്ടുള്ള ആശയം വിനയമാണ്.

ദൈവരാജ്യത്തെ സ്വന്തം നേട്ടമായിട്ടോ അവകാശമായിട്ടോ കരുതാതെ ദൈവത്തിന്റെ ദാനമായി കരുതുന്നവർ അതിനെ ആർജിക്കും. യഹൂദ പാരമ്പര്യത്തിൽ സ്ഥാനവലിപ്പത്തെക്കുറിച്ചുള്ള ചിന്ത വളരെ ശക്തമായിരുന്നു. കുംറാൻ സമൂഹത്തിൽ പല റാങ്കുകൾ നിശ്ചയിച്ചിരുന്നതായി അവരുടെ എഴുത്തുകളിൽ കാണാം. ഈ പശ്ചാത്തലത്തിൽ ക്രിസ്തീയ സഭാംഗങ്ങൾ ശിശുസഹജമായ വിനയത്തിന്റെ മനോഭാവം പുലർത്തണമെന്ന് ഉൽബോധിപ്പിക്കുന്നു. ഇങ്ങനെയുള്ള ഒരു ശിശുവിനെ എന്റെ നാമത്തിൽ സ്വീകരിക്കുന്നവൻ എന്നെ സ്വീകരിക്കുന്നു. ശിശുവിനെക്കുറിച്ചുള്ള പ്രതിപാദനം പ്രായത്തിൽ ശിശുക്കളായവരിൽനിന്ന്, ആത്മീയാനുഭവത്തിൽ ശിശുക്കളായവരിലേക്ക് തിരിയുന്നു. ഇവിടെ ശിശു എന്നത് ഒരു ക്രിസ്തീയ വിശ്വാസിയുടെ പ്രതീകമായി കാണണം.

മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണിക്കൊൾവിൻ. താൻ മറ്റുള്ളവരെക്കാൾ എളിയവനാണെന്ന് ബോധ്യമുള്ളവനെ മറ്റുള്ളവരെ ശ്രേഷ്ഠരായിട്ട് എണ്ണുവാൻ സാധിക്കുകയുള്ളൂ. ഒരിക്കൽ ശിഷ്യന്മാർ യേസുതമ്പുരാനോടു ചോദിക്കുന്നു. സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ ആർ ഇതിനു മറുപടി എന്നവണ്ണം യേശുതമ്പുരാൻ ഒരു ശിശുവിനെ വിളിച്ച് അവരുടെ നടുവിൽ നിറുത്തിയിട്ട് പറഞ്ഞു "ഞാൻ സത്യമായി നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ സ്വയം എളിമപ്പെടുന്നവനായിരിക്കും സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും വലിയവൻ. എളിമയുടെ ആവശ്യകതയെക്കുറിച്ച് പ. പത്രോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു. "ഇളയവരേ മൂപ്പന്മാർക്ക് കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോടു എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ

നൽകുന്നു. അതുകൊണ്ട് അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ" (1 പത്രോസ് 5:5-6). യാക്കോബ് ശ്ലീഹാ ജ്ഞാനിയും വിവേകിയുമായവന്റെ ലക്ഷണം എന്നു പറയുന്നത് സൗമ്യതയാണെന്നു പറയുന്നു. "നിങ്ങളിൽ ജ്ഞാനിയും വിവേകിയുമായവൻ ആർ? അവൻ ജ്ഞാനലക്ഷണമായ സൗമ്യതയോടെ നല്ല നടപ്പിൽ തന്റെ പ്രവൃത്തികളെ കാണിക്കുന്നു (വി. യാക്കോബ് 3:13). പരിശുദ്ധനായ പൗലോസ് ശ്ലീഹാ തിത്തോസിനോടു പറയുന്നത് "ആരെക്കൊണ്ടും ദൂഷണം പറയാതെയും കലഹിക്കാതെയും ശാന്തന്മാരായി സകല മനുഷ്യരോടും പൂർണ്ണ സൗമ്യത കാണിപ്പാനും അവരെ ഓർമ്മപ്പെടുത്തുക (തീത്തോസ് 3:2). ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ (ഫിലി. 2:3). ഇവിടെയെല്ലാം താഴ്മയുടെയും വിനയത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചാണ് എടുത്തു കാണിക്കുന്നത്. ശിശുക്കളുടെ സ്വഭാവത്തിന്റെ പ്രത്യേകതയാണ് താഴ്മ. അല്ലെങ്കിൽ വിനയം.

യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ ഏറ്റവും പ്രയാസമേറിയ രണ്ടു കാര്യങ്ങൾ സേവനത്തെക്കുറിച്ചും വിനയത്തെക്കുറിച്ചും പറയുന്നവയാണ്. യേശു പഠിപ്പിച്ച രീതിയിൽ വലിയവനായിത്തീരാൻ ഓരോ വ്യക്തിയും ശ്രമിക്കുന്നപക്ഷം നമ്മുടെ ഇടവകകളെയും, സമൂഹങ്ങളെയും, കുടുംബങ്ങളെയും, സഭയെത്തന്നെയും അലട്ടുന്ന ഒട്ടുമിക്ക പ്രശ്നങ്ങളും അപ്രത്യക്ഷമാകും. സർവ്വരുടെയും ദാസനായിതീരുകവഴി വേണം യഥാർത്ഥ മഹത്വം നേടേണ്ടതെന്ന യേശുവിന്റെ ആഹ്വാനം ഇന്നും മുഴങ്ങികേൾക്കണം. വിനയത്തിന്റെയും താഴ്മയുടെയും ഭാവം ധരിച്ച് സ്വർഗ്ഗരാജ്യത്തിന്റെ അവകാശികളായി തീരാം. ഇങ്ങനെ താഴ്മ ധരിച്ചവരായിരുന്നു പരിശുദ്ധ ശ്ലീഹന്മാർ. തന്മൂലം ക്രിസ്തുവിന്റെ സാക്ഷികളായിത്തീരുവാൻ പരിശുദ്ധ ശ്ലീഹന്മാർക്ക് സാധിച്ചത് ശിശുസ്വഭാവമുള്ളവരായി മാറുവാൻ സാധിച്ചതുമൂലമാണ്. ഒരു ശിശുവിനെ ശിഷ്യന്മാരുടെ നടുവിൽ ഉയർത്തിക്കാട്ടി ശിശുക്കളെപ്പോലെ ആയിത്തീരുക എന്ന് അവരെ പ്രബോധിപ്പിക്കുമ്പോൾ ശിഷ്യന്മാർ ശിശുക്കളെപ്പോലെ ആയിത്തീരുവാൻ ശ്രമിക്കുന്നു. മനുഷ്യരാശിയുടെ മുഴുവൻ രക്ഷക്കായി പുത്രൻ തന്നെത്തന്നെ താഴ്ത്തി ക്രൂശിലെ മരണത്തോളം താഴ്ത്തി. "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം തന്നേ അനുസരണമുള്ളവനായിത്തീർന്നു." ക്രിസ്തുവിന്റെ ഈ മാതൃക ശിഷ്യന്മാർ സ്വീകരിച്ചതുപോലെ നമുക്കും ഈ മാതൃകയെ പിൻപറ്റാം.




ഓസ്ട്രേലിയയിലെ ഡാർവിൻ സെൻറ് ജോർജ് മലങ്കര (ഇന്ത്യൻ) ഓർത്തഡോക്സ് ഇടവകയുടെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി മുണ്ടക്കയത്ത് നിർധനരായ ഒരു കുടുംബത്തിനുവേണ്ടി നിർമ്മിച്ച ഭവനത്തിന്റെ കൂദാശയും താക്കോൽ ദാനവും ഡോ. യുഹാനോൻ മാർ ദിയസ്കോറോസ് മെത്രാപ്പോലിത്താ നിർവഹിച്ചു.





വേദപുസ്തക ചിന്തകളെ അടിസ്ഥാനമാക്കി ഫാ. ജേക്കബ് തോമസ് രചിച്ച 'Unheard is Heard' എന്ന ഇംഗ്ലീഷ് കവിതാ സമാഹാരം ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് പ്രകാശനം ചെയ്തു.


പുസ്തകം











"The Oneness in the Silence of the Disciples"

(Fifth Sunday after the Pentecost)

Mark 9:33-41

Fr. Geevarghese Thomas

The economy of the Messiah has been twofold simultaneously- to break the dividing norms and to restore peace and concord. The very birth of Jesus Christ has been a significant event assuming all the humble aspects, thereby bridging the underprivileged as well as the Jews in God's salvific plan. Jesus has always unbiasedly rebuked the dividing norms such as pride, envy, selfishness etc. and has upheld the spirit of servanthood through God's love. Even the disciples at a particular moment were tempted with a thought of the greatest among them. Christ intervenes and gives them a beautiful lesson to become the greatest. The disciples desire of greatness was more of competitive. Whereas, the greatness taught by Christ was an actualisation of individual self, encompassing all, through divinisation.

Reflections

1. The presence and the intervention of the Great Master, break the dividing norms and bring silence of peace and unity.

"When he was in the house, he asked them, What were you arguing about on the road? But they kept quiet because on the way they had argued about who was the greatest" (Mark 9:33,34). Though the silence of the disciples seems a common response in the effect of guilt or fear of their master's scolding, it has got much more implications to edify us spiritually. For a while, they were carried away by the thought of who is greatest among them. But as soon, Christ their master addresses the same question, they all were "one" in silence! It is the power of God in His creation! When God is active in our conscience, the dividing norms vanish and we are all alike, sharing the unbiased love of God.

Jesus, rather teaches them a lesson to become the first (great) through the least acts. "Anyone who wants to be first must be the very last, and the servant of all. He took a little child whom he placed among them. Taking the child in his arms, he said to them, Whoever welcomes one of these little children in my name welcomes me; and whoever welcomes me does not welcome me but the one who sent me" (Mark 9:35-37). The statement - "welcomes one of these little children", can be metaphorically understood, which implies, addressing even the smallest need of the lowly person. A child's need is often disregarded as childish and insignificant. Jesus teaches His disciples to be concerned (imitating God's love) of the smallest conditions of the least ones around them. It has also an implication of accepting the humble and pure hearts (as like children), those who are seeking God. To become the first (or great), we must assume God's love which surpass the dividing norms and accepts and serves everyone with courtesy. Again, the service part addressed through servanthood is a call to exemplify the "mind of Christ" for our own actualisation. So, greatness is not a rank accorded through designations, rather gained through acts of servanthood.

Even priesthood, which is one of the most significant and beautiful gifts of the Church, has its implications with these teachings of Christ. Though, a priest is privileged to carry the Body and Blood of Christ, it is not a designation of self-glory. In the Syriac Orthodox Tradition, the very first article of liturgical vestments been put by the priest is the liturgical shoes (Syriac - *msone*). And the prayer recited while wearing the right shoe is thus- "O Lord God! Cast down under my foot, all false pride that exalts against your Wisdom and grant that, by Your help, I may bring the lusts of flesh into subjection forever." It is not the credit of any priest or bishop, rather God's love which chose them to serve and edify the Church through the love of God. Priesthood is thus an act of servanthood by first acquiring and then imitating the love of God. As the Cataphatic approach of theology states the affirmations in describing God, for example- God is love, the creation must acquire the greatness through imitating God's love (God Himself) in all its pursuit.

The apostle St. Paul highlighting various gifts, reminds us the same thing. "If I speak in the tongues of humans and of angels but do not have love, I am a noisy gong or a clanging cymbal. And if I have prophetic powers and understand all mysteries and all knowledge and if I have all faith so as to remove mountains but do not have love, I am nothing. If I give away all my possessions and if I hand over my body so that I may boast[a] but do not have love, I gain nothing" (1 Corinthians 13:1-3). Acquiring and imitating the love of God is the ultimate sign of greatness of the creation. It demolishes the dividing norms and make realise heaven through peace and concord.

We are advancing in a competitive age, where the nations and people are manipulated to upheld the notion of 'survival of the fittest/ smartest'. It is a paradox to learn, this survival stakes the spirit of service and disregards divinisation through dehumanising aims. In all our pursuits, let us be reminded of the Great Master. Let us be "one" in silence as the disciples, by keeping God active in our conscience.

Conclusion

The design of artificial intelligence can enhance or facilitate many aspects of human lives. But at the same time, it is not an alternate to ameliorate the greatness of the human values. Instead, the greatness of humankind is in reflecting the servanthood of Christ. It is in recognising and addressing the smallest needs of the least ones around us. Today, we all are the waves of the same sea raging to mark the highest peak. May the thought of Christ at the shore bring tranquility to our inner minds. May God bless us.

◆

World Council of Churches (WCC)



The Central Committee of the World Council of Churches is being held from 21-27 June 2023 in Geneva, Switzerland. Metropolitan Zachariah Mar Nicholovos, who is also a Central Committee member, is representing the Malankara Orthodox Syrian Church, at this first full meeting following the 2022 11th Assembly of the World Council of Churches in Karlsruhe, Germany. During its high level deliberations, elections for commissions and join consultative boards of this large ecumenical body also took place.



Four members of the Malankara Orthodox Syrian Church were elected to the commissions and boards as follows:

Metropolitan **H.G. Abraham Mar Stephanos** has been appointed to the Commision on Faith & Order,

Rev. Fr. Dr. Reji Mathew has been appointed to the Commission on World Mission & Evangelism,



Ms. Lisa Rajan has been appointed to the Commission of Young People on the Ecumenical Movement and the Commission on Education & Ecumenical Formation,

Ms. Ruth Mathen has been appointed as the Youth Advisor to the Central Committee of the World Council of Churches.



This is the first time in the history of Malankara Church two young women have been elected to the commissions of such a large ecumenical body.The World Council of Churches (WCC) brings together churches, denominations and church fellowships in more than 110 countries and territories throughout the world, representing over 500 million Christians including most of the world's Orthodox churches, scores of Anglican, Baptist, Lutheran, Methodist and Reformed churches, as well as many United and Independent churches. The Malankara Orthodox Syrian Church is one of the founding members of this worldwide Christian inter-church organization.



എം.ജി. സർവകലാശാല ബിസിഎ പരീക്ഷയിൽ കിസ്റ്റി അൻസാ എബ്രഹാം ഒന്നാം റാങ്ക് കരസ്ഥമാക്കി. അമിച്ചകരി തലവടി കിഴക്കേക്കര സെന്റ് മേരീസ് ഓർത്തഡോക്സ് സുറിയാനി പള്ളി ഇടവകാംഗമാണ്.



കേരള യൂണിവേഴ്സിറ്റി Integrated BBA LL.B ഡിഗ്രി പരീക്ഷയിൽ യൂണിവേഴ്സിറ്റി തലത്തിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ കാരമല സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഇടവകാംഗം, അമ്പാട്ടുകണ്ടം വെട്ടിനാൽ ജീവ ആൻ ജോസ്.



കൊല്ലം മെത്രാസനം യുവജനപ്രസ്ഥാനത്തിന്റെ മെത്രാസന യുവജന നേതൃസംഗമം പെരുമ്പുഴ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഓർത്തഡോക്സ് ദൈവാലയത്തിൽ വെച്ച് ഡോ. ജോസഫ് മാർ ദിവാനസിയോസ് ഉദ്ഘാടനം ചെയ്തു.



മലങ്കരസഭയിൽ നിന്നു തന്നെ യുവതീയുവാക്കൾക്ക് ജീവിതപങ്കാളികളെ കണ്ടെത്തുവാൻ മലബാർ ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച ക്ലീലോ എന്ന മാരേജ് വെബ്സൈറ്റ് വെബ്സൈറ്റ് ഗീവർഗീസ് മാർ പക്കോമിയോസ് ഉദ്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി ഫാ. ബോബി പീറ്റർ, ഫാ. പി. സി. എബ്രഹാം, വെബ്സൈറ്റ് നിർമ്മിച്ച ജെറി വർഗീസ് കോഴിക്കോട് തുടങ്ങിയവർ സമീപം.



മണിപ്പൂരിൽ തുടരുന്ന വംശീയ കലാപങ്ങളിലെ ഉത്കണ്ഠയും പ്രതിഷേധവും അറിയിച്ചുകൊണ്ട് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം കൽക്കട്ടാ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ഭിലായ് സി.സി. ഇ.റ്റി കോളജിൽ വെച്ച് 'പ്രാർത്ഥനാജ്വാല' സംഘടിപ്പിച്ചു. അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്ത പ്രാർത്ഥനാജ്വാല തെളിയിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.



തിരുവല്ല എംജിഎം ഹയർസെക്കൻഡറി സ്കൂൾ MGOCSM പ്രവർത്തന ഉദ്ഘാടനം ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് നിർവ്വഹിച്ചു.



കോട്ടയം പഴയ സെമിനാരി ക്യാമ്പസ്സിൽ മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഉദ്ഘാടനം വൈദീക സെമിനാരി വൈസ് പ്രസിഡണ്ട് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് നിർവ്വഹിച്ചു. സെമിനാരി പ്രിൻസിപ്പാൾ ഫാ. ഡോ. റജി മാത്യൂസ്, സെമിനാരി ബർസാർ ഫാ. ഡോ. നൈനാൻ കെ. ജോർജ് ഉൾപ്പെടെയുള്ള അദ്ധ്യാപകരും വൈദികസെമിനാരി വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.



ചെങ്ങന്നൂർ ഭദ്രാസന വൈദിക സംഘ ധ്യാനം ജൂൺ 27 ചൊവ്വാഴ്ച്ച ചെങ്ങന്നൂർ ബഥേൽ അരമന പള്ളിയിൽ നടത്തപ്പെട്ടു. ഇടവക മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് അദ്ധ്യക്ഷം വഹിച്ചു. ഫാ. ബോബി ജോസ് കട്ടിക്കാട് ധ്യാനത്തിന് നേതൃത്വം നൽകി.



മണിപ്പൂരിലെ ക്രിസ്ത്യൻ സമൂഹത്തിന് നേരെയുള്ള ആക്രമണങ്ങളിൽ പ്രതിഷേധിച്ച് മലബാർ ഭദ്രാസന യുവജന പ്രസ്ഥാനത്തിൻറെ നേതൃത്വത്തിൽ ചുങ്കത്തറയിൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. മലബാർ ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ പക്കോമിയോസ് പ്രതിഷേധ ജ്വാല തെളിയിച്ച് സംസാരിച്ചു.

ആർ.ആർ.എഫ്.എഫ്. ആമുവൽ ഫൈറിംഗിൽ ഗോൾഡ് മെഡൽ കരസ്ഥമാക്കിയ ബേസിൽ പി. കെ. മീനങ്ങാടി പുളിന്താനത്ത് കുറിയാക്കോസിന്റെയും വൽസയുടെയും പുത്രനാണ്. മീനങ്ങാടി സെന്റ് പീറ്റേഴ്സ് വലിയപള്ളി ഇടവകാംഗം.

